©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഏഴാമത് റിപ്പോർട്ട്**

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2009-2011) യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2021-2023)**

**ഏഴാമത് റിപ്പോർട്ട്**

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2009-2011) യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

1355/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | I |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | .. | 63 |
| അനുബന്ധം II : | | |
| റവന്യൂ റിക്കവറി നടപടിയുടെ വിശദാംശങ്ങൾ | .. | 65 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 25-ാമത് റിപ്പോർട്ടിലെ (സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലൈ മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10.

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 25-ാമത് റിപ്പോർട്ടിലെ (സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 25-ാമത് റിപ്പോർട്ട് 2010 മാർച്ച് മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 30 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ/സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭിച്ച മറുപടി 14-1-15, 13-1-16, 19-12-18, 18-9-19 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ 9-10-19-ന് തെളിവെടുപ്പ് നടത്തുകയും അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

<u>അദ്ധ്യായം II</u>

## സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും

<u>ഖണ്ഡിക നമ്പർ 70,70</u>

**ശിപാർശ**

2.1.1 17,42,392 രൂപ വിലയുള്ള ഒരു ഉപകരണം ഇൻസ്റ്റാൾ ചെയ്യുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പർച്ചേസ് മാത്രം നടത്തിയത് ഒരു തരത്തിലും ന്യായീകരിക്കാൻ സാധിക്കുകയില്ലെന്നും മാത്രമല്ല യന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയതിനുശേഷം മാത്രമേ വില നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഇവിടെ ലംഘിച്ചിരിക്കുകയാണെന്നും സമിതി അഭിപ്രായപ്പെട്ടു. മെയിന്റനൻസിന്റെ ഫയൽ ഓഡിറ്റിന് ആവശ്യപ്പെട്ടിട്ടും നൽകാത്തത് സംശയത്തിന്

ഇടവരുത്തുന്നുയെന്ന വസ്തുത സമിതി ചൂണ്ടിക്കാട്ടി. കൊച്ചി യൂണിറ്റിൽ 1998-ലും കോഴിക്കോട് യൂണിറ്റിൽ 2001-ലുമാണ് യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കിയതെന്നും ഇത്രയും കാലം പ്രവർത്തിക്കാതെ സൂക്ഷിച്ചിരുന്ന യന്ത്രങ്ങൾ പ്രവർത്തനക്ഷമ മാക്കിയപ്പോൾ മെയിന്റനൻസൊന്നും നടന്നിട്ടില്ലെന്നത് വിശ്വസനീയമല്ലെന്നും സമിതി വ്യക്തമാക്കി.

2.1.2 ഇത്രയും വിലപിടിപ്പുള്ള യന്ത്രങ്ങൾ യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താതെ പർച്ചേസ് ചെയ്ത് ബോർഡിന് സാമ്പത്തികമായ വൻ നഷ്ടമുണ്ടാക്കുകയും എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പേയ്മെന്റ് നടത്തുകയും ചെയ്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടു പിടിച്ച് അദ്ദേഹത്തിൽ നിന്നും വിശദീകരണം വാങ്ങി കുറ്റക്കാരനെന്നു കണ്ടെത്തിയാൽ ടിയാനെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മെയിന്റനൻസിനു വേണ്ടി എത്ര രൂപ ചെലവായി എന്നും ഏതു വർഷമാണ് മെയിന്റനൻസ് നടത്തിയതെന്നും റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.1.3 യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന വേളയിൽ ശ്രീ. കെ. ഇ. തോമസ്, ശ്രീ. വി. എസ്. ജ്യോതി കുമാരൻ നായർ, ശ്രീ. പി. കെ. അയ്യപ്പൻ എന്നിവരാണ് യഥാക്രമം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ യൂണിറ്റ് ഓഫീസുകളിൽ റീജിയണൽ എഞ്ചിനീയർമാരായി സേവനം അനുഷ്ഠിച്ചിരുന്നത്. ഇതിൽ ശ്രീ. കെ. ഇ. തോമസ്, ശ്രീ. പി. കെ. അയ്യപ്പൻ എന്നിവർ പെൻഷനായശേഷം മരിച്ചുപോയവരാണ്. ശ്രീ. വി. എസ്. ജ്യോതി കുമാരൻ നായർ 30-9-2000-ൽ ബോർഡ് സർവ്വീസിൽ നിന്ന് വിരമിക്കുകയുണ്ടായി. എന്നിരുന്നാലും അക്കൗണ്ട്സ് കമ്മിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ നടപടികൾ എടുക്കുന്നതിന് മുമ്പായി അദ്ദേഹത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റിനെ അറിയിക്കുന്നതുമാണ്.

കോഴിക്കോട്, തിരുവനന്തപുരം റീജിയണുകളിൽ യന്ത്രസാമഗ്രികൾ സ്ഥാപിച്ചതിനുശേഷം യാതൊരു മെയിന്റനൻസ് ചെലവുകളും വന്നിട്ടില്ല എന്നാണ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. എന്നാൽ 19-10-95-ൽ സപ്ലൈ ചെയ്ത ഇലക്ട്രോണിക് ബാലൻസിന്റെ കേടുപാടുതീർക്കാൻ 2000 രൂപ 1999-2000-ത്തിലും ഉപകരണങ്ങൾ സർവ്വീസ് ചെയ്യുന്നതിന് 3000 രൂപയും ചെലവാക്കിയിട്ടുണ്ട്. മറ്റു ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.1.4 യന്ത്ര സാമഗ്രികൾ യഥാ സമയം പ്രവർത്തനക്ഷമമാക്കാത്തതുമൂലം വൻ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ യന്ത്രസാമഗ്രികളുടെ മെയിന്റനൻസ് ഫയലോ ഇതു സംബന്ധിച്ച് യാതൊരു രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 14-1-2015-ലെ യോഗം ആവശ്യപ്പെട്ട അധിക വിവരം

2.1.5 യന്ത്രസാമഗ്രികളുടെ മെയിന്റനൻസ് സംബന്ധിച്ച എല്ലാ രേഖകളും 15 ദിവസത്തിനകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 14-1-2015-ലെ യോഗം ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി, നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്നും അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.1.7 യന്ത്രസാമഗ്രികളുടെ മെയിന്റനൻസ് സംബന്ധിച്ച് നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് നൽകുന്നതിനു വേണ്ടി എറണാകുളം മേഖലാ ഓഫീസിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കിയിട്ടില്ല.

യന്ത്രസാമഗ്രികളുടെ മെയിന്റനൻസ് സംബന്ധിച്ച് കോഴിക്കോട് റീജിയണൽ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ലഭ്യമാക്കിയ ഫയൽ പ്രകാരം സിമെന്റ്, സ്റ്റീൽ ടെസ്റ്റിംഗ് യന്ത്രങ്ങൾ എന്നിവ സ്ഥാപിച്ചതിനു ശേഷം അറ്റകുറ്റപ്പണികൾക്കായി തുകയൊന്നും ചെലവായിട്ടില്ല എന്നും ഇലക്ട്രിസിറ്റി ചാർജ്ജ് (4,068 രൂപ), CLR വാച്ച്മാൻ നിയമനം (84,309 രൂപ), കിണർ കുഴിക്കൽ (5,100 രൂപ) എന്നിവയ്ക്കായി ആകെ 93,557 രൂപ ചെലവായിട്ടുണ്ട് എന്നും കോഴിക്കോട് റീജിയണൽ എഞ്ചിനീയർ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള ഉത്തരവ് നൽകിയത് കെ.എസ്.എച്ച്.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നുമാണ്. ഇത് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് തുക നൽകുന്നതിനുള്ള ചുമതല റീജിയണൽ എഞ്ചിനീയർക്ക് ആയിരുന്നു. ടെസ്റ്റിംഗ് ലാബുകൾ നിലനിർത്തുന്നതിന്റെ സാധ്യതയും ഇതിന്മേൽ ബോർഡിന് പ്രതീക്ഷിക്കാവുന്ന സേവന സൗകര്യങ്ങളും സാമ്പത്തിക ലാഭവും കണക്കിലെടുത്ത് റീജിയണൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ് നിർത്തലാക്കുന്നതിനും, മെഷിനറികൾ dispose ചെയ്യുന്നതിനും തീരുമാനമെടുക്കണമെന്ന് റീജിയണൽ എഞ്ചിനീയർ മേലധികാരികളോട് അപേക്ഷിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങളൊന്നും ലഭ്യമല്ല.

### 13-1-2016-ലെ സമിതിയോഗ നിർദ്ദേശം

2.1.8 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക

വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനു ശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു.

## 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നു ലഭിച്ച മറുപടി

2.1.9 സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖലകളിൽ യന്ത്രസാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം:- തിരുവനന്തപുരം അമ്പലനഗർ സ്റ്റോറിലേയ്ക്ക് സിമെന്റ്, സ്റ്റീൽ ടെസ്റ്റിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനായി 28-7-1994-ൽ ടെൻഡർ നോട്ടിഫിക്കേഷനിലൂടെ ടെൻഡർ ക്ഷണിക്കുകയും 18-10-1994-ൽ ടി സ്ഥാപനം സിമെന്റ്, സ്റ്റീൽ ടെസ്റ്റിംഗ് മെഷീനുകൾക്കായി പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കുകയും ചെയ്തു. 10-2-95-ൽ സിമന്റ് & സ്റ്റീൽ ടെസ്റ്റിംഗ് മെഷീനുകൾക്കായി M/S.Integrated Instruments & Services, Thekkenath Building, Thoundayil Lane, Ernakulam-ത്തിന് ചീഫ് എഞ്ചിനീയർ Supply order നൽകുകയും, 16-5-1995-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത സ്ഥാപനം 30-5-1995-ൽ FSA/95039-നമ്പരായി സ്റ്റീൽ ടെസ്റ്റിംഗ് മെഷീനും. 11-9-1995-ൽ 128/95-96 039-Invoice നമ്പരായി സിമെന്റ് ടെസ്റ്റിംഗ് മെഷീനും സപ്ലൈ ചെയ്തിരുന്നെങ്കിലും മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നില്ല. ആയതിനാൽ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മെഷീനുകൾ പ്രവർത്തിപ്പിച്ച് കാണിക്കുവാൻ പ്രസ്തുത സ്ഥാപനത്തോട് 8-4-1999-ൽ ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയും മെഷീൻ സർവ്വീസ് ചെയ്യുന്നതിനായി 3000 രൂപ അന്നത്തെ തിരുവനന്തപുരം മേഖല എഞ്ചിനീയറുടെ അനുമതിയോടു കൂടി എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കുകയുമാണ് ചെയ്തത്.

കൊച്ചി:- കൊച്ചി മേഖലാ സ്റ്റോറിലേയ്ക്ക് സിമന്റ്, സ്റ്റീൽ പരിശോധനാ യന്ത്ര സാമഗ്രികൾക്കുവേണ്ടി 3,59,362 രൂപ ബോർഡിന് ചെലവാകുകയും താൽക്കാലികമായി റവന്യൂ ടവർ സൈറ്റിൽ ഉറപ്പിച്ച് കോൺക്രീറ്റ് ടെസ്റ്റിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കിയ വകയിൽ 2,12,294 രൂപ ഭവനനിർമ്മാണ ബോർഡിന് വരവുണ്ടാകുകയും ചെയ്തിട്ടുണ്ട്. സിമന്റ് ടെസ്റ്റിംഗ് എക്വിപ്മെന്റിന്റെ മെയിന്റനൻസിന്റെ ഭാഗമായി 1996-97-ൽ 5,250 രൂപ ഒരു വോൾട്ടേജ് സ്റ്റെബിലൈസർ വാങ്ങുന്നതിനും, 1999-2000-ൽ 2000 രൂപ ഇലക്ട്രോണിക് ബാലൻസ് നന്നാക്കുന്നതിനും സ്ഥാപനത്തിന് ചെലവായിട്ടുണ്ടെങ്കിലും, പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലഭ്യമല്ല എന്നാണ് ബോർഡ് അധികൃതർ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട്:- മെഷിനറികൾ സ്ഥാപിച്ചതിനുശേഷം അറ്റകുറ്റപ്പണികൾക്കായി തുകയൊന്നും സ്ഥാപനം ചെലവാക്കിയിട്ടില്ല. എന്നാൽ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 4068 രൂപയും കിണർ കുഴിക്കുന്നതിനായി 5100 രൂപയും അടക്കം മൊത്തം 93,557 രൂപ മുമ്പ് ചെലവ് വന്നിട്ടുണ്ട്. മറ്റു ചെലവുകളൊന്നും അതിനുശേഷം വന്നിട്ടില്ല. 29-4-2010-ലെ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യന്ത്രസാമഗ്രികളും ഉപകരണങ്ങളും ലേല വ്യവസ്ഥയിൽ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ലേലത്തുക വളരെ കുറവായതു കാരണം ലേല വിൽപ്പന നടന്നില്ല. പിന്നീട് വിവിധ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് പ്രിൻസിപ്പൽമാരെ സമീപിച്ചിരുന്നുവെങ്കിലും, പ്രസ്തുത സ്ഥാപനങ്ങൾക്ക് ഈ ഉപകരണങ്ങൾ ആവശ്യമില്ല എന്നറിയിക്കുകയുണ്ടായി. യന്ത്രസാമഗ്രികളുടെ ഇപ്പോഴത്തെ സ്ഥിതി നിർണ്ണയിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേല വിൽപ്പന നടത്താനുള്ള നടപടികൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ സ്വീകരിച്ച് വരുന്നു. മേൽ വിവരങ്ങൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.1.10 കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ യാതൊരു ശിക്ഷാനടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ രണ്ട് പേർ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. (ശ്രീ. കെ. ഇ. തോമസ്, തിരുവനന്തപുരം യൂണിറ്റ്, ശ്രീ. പി. കെ. അയ്യപ്പൻ, കോഴിക്കോട് യൂണിറ്റ്). മരണപ്പെട്ടവരുടെ ഡെത്ത് സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുറ്റക്കാരിൽ ജീവിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ ശ്രീ. ജ്യോതികുമാരൻ നായർ (കൊച്ചിൻ യൂണിറ്റ്) മാത്രമാണ്. ടിയാന് ഇതു സംബന്ധിച്ച് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും, ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തിരുവനന്തപുരം:- സിമന്റ് & സ്റ്റീൽ ടെസ്റ്റിംഗ് മെഷീനുകളുമായി ബന്ധപ്പെട്ട ഫയലുകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത മെഷീനുകളുടെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ M/s Intergrated instruments & Services, Thekkanath Building, Thoundayil Lane, Ernakulam എന്ന സ്ഥാപനത്തിന് 3000 രൂപ സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകിയ ചെക്കിന്റെ വിവരങ്ങളടങ്ങിയ ചെക്ക് മെമ്മോ രജിസ്റ്ററിലെ ബന്ധപ്പെട്ട പേജിന്റെ ഫോട്ടോകോപ്പി മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

കൊച്ചി:- സിമന്റ് & സ്റ്റീൽ ടെസ്റ്റിംഗ് മെഷീനുകളുമായി ബന്ധപ്പെട്ട ഫയലുകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മറുപടിയിൽ പറയുന്ന ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ 15-6-2020-ൽ ഓഡിറ്റ് എൻക്വയറി/ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി/2020 പ്രകാരം ആവശ്യപ്പെടുകയും 17-6-2020-ൽ ചീഫ് എഞ്ചിനീയറുമായുള്ള നേരിട്ടുള്ള കൂടിക്കാഴ്ചയിൽ ബോധ്യപ്പെടുത്തുകയും ചെയ്തുവെങ്കിലും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

കോഴിക്കോട്:- സിമന്റ് & സ്റ്റീൽ ടെസ്റ്റിംഗ് മെഷീനുകളുമായി ബന്ധപ്പെട്ട ഫയലുകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മറുപടിയിൽ പറയുന്ന ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ 15-6-2020-ൽ ഓഡിറ്റ് എൻക്വയറി/ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി/2020 പ്രകാരം ആവശ്യപ്പെടുകയും 17-6-2020-ൽ ചീഫ് എഞ്ചിനീയറുമായുള്ള നേരിട്ടുള്ള കൂടിക്കാഴ്ചയിൽ ബോധ്യപ്പെടുത്തുകയും ചെയ്തുവെങ്കിലും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 29-4-2010-ലെ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിന്റെ യന്ത്രസാമഗ്രികളും ഉപകരണങ്ങളും ലേല വ്യവസ്ഥയിൽ ഒഴിവാക്കാൻ ബോർഡ് യോഗത്തിൽ ഇനം 26 ആയി തീരുമാനിച്ചുവെങ്കിലും നാളിതുവരെ യന്ത്ര സാമഗ്രികൾ വിറ്റഴിച്ചിട്ടില്ല.

**തുടർശിപാർശ**

**2.1.11 യന്ത്ര സാമഗ്രികളുടെ മെയിന്റനൻസ് സംബന്ധിച്ച എല്ലാ രേഖകളും 15 ദിവസത്തിനകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നിട്ടും രേഖകൾ ഹാജരാക്കുന്നതിൽ ഭവന നിർമ്മാണ ബോർഡിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്ന വീഴ്ചയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

<u>ഖണ്ഡിക നമ്പർ 76</u>

**ശിപാർശ**

2.2.1 കമ്പനിയുടെ വീഴ്ചമൂലം ബോർഡിനുണ്ടായ 76,440 രൂപയും മുൻകൂർ നൽകിയ 8,07,720 രൂപയും 7-7-2005 മുതൽ സിമന്റ് സപ്ലൈ ചെയ്ത തീയതി വരെയുള്ള പലിശയും കമ്പനിയിൽ നിന്ന് ഈടാക്കുന്നതിനായി എക്സിക്യൂഷൻ പെറ്റീഷൻ 214/07 in OS 424/02 നമ്പരായി 30-10-2007-ൽ കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 ഇതുസംബന്ധിച്ചുള്ള കേസ് ഇനിയും വിധിയായിട്ടില്ല. EP 194/2008 ന്യൂഡൽഹിയിലെ തീസ് ഹസ്സാർ കോടതിയിൽ 7-10-2011 ലേയ്ക്കും CCI ഫയൽ ചെയ്ത IA 1654/10 കേസ് കോഴിക്കോട് സബ്കോടതിയിൽ 3-9-2011 ൽ പോസ്റ്റ് ചെയ്തിരിക്കുകയാണ്.

കേസ്സുകൾ ത്വരിതപ്പെടുത്തി ബോർഡിന് ലഭിക്കാനുള്ള തുക പലിശ സഹിതം ഈടാക്കാനാവശ്യമായ നടപടി കൈക്കൊള്ളുവാൻ കോഴിക്കോട് മേഖലാ എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.2.3 സിമന്റ് കോർപ്പറേഷനിൽ നിന്നും സിമന്റ് കിട്ടുന്നതിൽ വന്ന കാലതാമസം മൂലമുണ്ടായ നഷ്ടം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നു. ഈ കേസ് ഇനിയും വിധിയായിട്ടില്ല എന്നാണ് ബോർഡ് അധികൃതർ അറിയിച്ചിട്ടുള്ളത്.

**14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം**

2.2.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടു.

**14-1-2015-ലെ യോഗത്തിൽ ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നു ലഭിച്ച മറുപടി**

2.2.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015 ലെ യോഗം ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്ന് അറിയിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.2.6 സിക്ക് ഇൻഡസ്ട്രിയൽ കമ്പനീസ് ആക്ട് 1985-ലെ വ്യവസ്ഥകൾ പ്രകാരം സിമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ഒരു സിക്ക് യൂണിറ്റായി പ്രഖ്യാപിക്കപ്പെട്ട വിവരം ബഹുമാനപ്പെട്ട കോഴിക്കോട് സബ് കോടതിയിൽ CCI Ltd അറിച്ചിട്ടുണ്ട്. 27-8-2014-ലെ ബോർഡ് തീരുമാന പ്രകാരം (ഇനം 13) ഇത്തരം വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട BIFR (ബോർഡ് ഫോർ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ റീ കൺസ്ട്രക്ഷൻ) മുമ്പാകെ പരാതി സമർപ്പിക്കാൻ നടപടിയായിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും തുടർനടപടി വിവരങ്ങൾ ലഭ്യമല്ല.

**13-1-2016-ലെ സമിതി യോഗ തീരുമാനം**

2.2.7 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കുവാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

### സർക്കാർ സ്വീകരിച്ച നടപടികൾ

2.2.8 സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് മെ. സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിൽ നിന്നും ലഭിക്കാനുള്ള തുക (സിമന്റ് സപ്ലൈ ചെയ്യുന്നതിന് മെ. സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് ബോർഡ് അധികമായി നൽകിയ 17,993 രൂപയും ടി തുകയ്ക്ക് 5-12-2016 മുതലുള്ള പലിശയും, മറ്റ് കമ്പനികളിൽ നിന്നും ബോർഡിന് സിമന്റ് വാങ്ങേണ്ടി വന്നപ്പോൾ ചെലവായ 95,471 രൂപയും ടി തുകയുടെ 18-8-95 മുതലുള്ള പലിശയും) Board for Industrial Financial Reconstruction മുഖേന നേടിയെടുക്കുന്നതിന് 27-8-14-ലെ ബോർഡ് യോഗ തീരുമാനമനുസരിച്ച് അഡ്വ. സി.എം ജയകുമാറിനെ (45, ബാങ്ക് എൻക്ലേവ്, ലക്ഷ്മി നഗർ, ഡൽഹി) വിഷയത്തിൽ കേസ് ഫയൽ ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ 18-6-2016, 21-5-18, 19-7-2018 എന്നീ തീയതികളിൽ കേസിന്റെ സ്ഥിതി വിവരം ലഭ്യമാക്കുവാൻ അഡ്വ. ജയകുമാറിന് കത്തയച്ചിരുന്നുവെങ്കിലും, നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല എന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 30-11-2018 വരെ മെ. സിമന്റ് കോർപ്പറേഷനിൽ നിന്നും 4,93,800 രൂപ ബോർഡിന് ലഭിക്കാനുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.2.9 കേസിലെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളോ, മെ. സിമന്റ് കോർപ്പറേഷനിൽ നിന്നു ലഭിക്കുവാനുള്ള തുക സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന വിവരമോ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### തുടർശിപാർശ

**2.2.10. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് മെ. സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിൽ നിന്നും ലഭിക്കേണ്ട തുക നേടിയെടുക്കുന്നതിന് ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

<u>ഖണ്ഡിക നമ്പർ 83</u>

### ശിപാർശ

2.3.1. ഫ്ലാറ്റുകൾ, കടമുറികൾ, ഓഫീസ് കെട്ടിടങ്ങൾ എന്നിവയ്ക്ക് വേക്കൻസി റെമിഷന് വേണ്ടി നിശ്ചിത സമയത്ത് അപേക്ഷ കൊടുക്കാതെ ബോർഡിന് നഷ്ടം വരുത്തുന്നതിന് കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.3.2 23-4-1996 മുതൽ 4-1-1999 വരെയുള്ള കാലയളവിൽ കൊല്ലം ഡിവിഷൻ ഓഫീസിൽ മേൽ ജോലിയുമായി ബന്ധപ്പെട്ട് സേവനം അനുഷ്ഠിച്ച ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി, അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി ബോർഡിന്റെ കോൺഫിഡൻഷ്യൽ വിഭാഗത്തിൽ നൽകിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധാക്കുറിപ്പ്

2.3.3 നഗരസഭയ്ക്ക്, സ്വത്തു നികുതി വേക്കൻസി റെമിഷന് അപേക്ഷ നൽകാതിരുന്നതുമൂലമുള്ള നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ബോർഡ് നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

### 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.3.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദ വിവരം സമിതി ആവശ്യപ്പെട്ടു.

### 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.3.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015-ലെ യോഗം ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്ന് അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധാക്കുറിപ്പ്

2.3.6 നഷ്ടോത്തരവാദികളായി ശ്രീ. കെ. മനോഹരൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആർ വിശ്വനാഥൻ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ശ്രീമതി ജി. ശശിപ്രഭ, ശ്രീ. സി. ശങ്കരൻ, ഡ്രാഫ്റ്റ്സ്മാന്മാർ എന്നീ ഉദ്യോഗസ്ഥരുടെ പേരുകൾ Q/DB/6214/11 തീയതി 30-6-2014 നമ്പർ കത്ത് മുഖേന അഡീഷണൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇവർക്കു പുറമെ ശ്രീ. കെ. ജി. ബാബു, ശ്രീ. ബേബി, ശ്രീ. അനിൽകുമാർ സി. എൻ, ഓവർസിയർമാർ, ശ്രീമതി എസ്. സുശീല, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. രാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരും ഉത്തരവാദികളാണെന്ന് Q/DB/6214/11 തീയതി 24-7-2014 കത്തിൽ അഡീഷണൽ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

### 13-1-2016-ലെ സമിതിയോഗ തീരുമാനം

2.3.7 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

2.3.8 3-12-2014-ലെ CW9384/Ad3(a)/2011/Vig. നമ്പർ കത്ത് പ്രകാരം ചിന്നക്കട ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിലും, ഫ്ലാറ്റിലും, വാടകയ്ക്കു കൊടുക്കാതെയും, അലോട്ട് ചെയ്യാതെയുണ്ടായിരുന്ന കടമുറികൾ/ഫ്ലാറ്റുകൾ/ഓഫീസ് കെട്ടിടങ്ങൾ എന്നിവയ്ക്ക് അനുവദനീയമായ നികുതിയിളവിന് നിർദ്ദിഷ്ട സമയത്ത് അപേക്ഷ നൽകാതിരുന്നതുമൂലം ബോർഡിനുണ്ടായ ബാധ്യത, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി ആയതിന് ഉത്തരവാദികളായവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനായി പ്രസ്തുത കാലയളവിൽ DB സെക്ഷനിലും സൈറ്റിലും ജോലി നോക്കിയിരുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഭവനനിർമ്മാണ ബോർഡിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധാക്കുറിപ്പ്

2.3.9 നഷ്ടോത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരം 30-6-2014, 24-7-2014 എന്നീ തീയതികളിലെ Q/DB/6214/11-ാം നമ്പർ കത്തുകൾ പ്രകാരം അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും തുക ഈടാക്കിയിട്ടില്ല. വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 3-12-2014-ൽ 84/Ad3(a)/11/VIG. നമ്പരായി ഒരു കത്ത് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട്. നഷ്ട പരിഹാരം ബോർഡ് ഈടാക്കിയത് സംബന്ധിച്ച് രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.3.10 കൊല്ലം ചിന്നക്കട റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കോംപ്ലക്സ് പദ്ധതിയിലെ ഫ്ലാറ്റുകൾ, കടമുറികൾ, ഓഫീസ് സ്ഥലങ്ങൾ എന്നിവയ്ക്ക് വേക്കൻസി റെമിഷനുവേണ്ടി നിശ്ചിത സമയത്ത് അപേക്ഷ കൊടുക്കാതെ ബോർഡിന് നഷ്ടം വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി 2-7-2019-ൽ ബോർഡ്

സെക്രട്ടറിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം 6 ഉദ്യോഗസ്ഥർ ബോർഡിനുണ്ടായ നഷ്ടത്തിന് കാരണക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. (ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങളും ടി ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ട തുക സംബന്ധിച്ച വിവരവും ചുവടെ ചേർത്തിട്ടുണ്ട് ). ഇവരിൽ ശ്രീ. മനോഹരൻ, ശ്രീമതി സി. തുളസി എന്നിവർ മരണപ്പെട്ടുപോയിട്ടുള്ളതും അവശേഷിക്കുന്ന ഉദ്യോഗസ്ഥർ ഇതിനോടകം സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. നിലവിൽ വിരമിച്ച ഉദ്യോഗസ്ഥരുമായി ഒരു master-servant relationship ബോർഡിന് ഇല്ലാത്തതിനാൽ തുക ഈടാക്കാൻ നിയമപരമായി വ്യവസ്ഥയില്ല എന്നാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | പേര് | തസ്തിക | തുക (രൂപയിൽ) |
|---|---|---|---|
| 1 | ശ്രീ. മനോഹരൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 44590 |
| 2 | ശ്രീ. എം. കൃഷ്ണൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 8917 |
| 3 | ശ്രീ. നീലകണ്ഠൻ നായർ | അക്കൗണ്ട്സ് ഓഫീസർ | 35672 |
| 4 | ശ്രീമതി സി. തുളസി | അക്കൗണ്ട്സ് ഓഫീസർ | 35672 |
| 5 | ശ്രീ. കെ. അശോക് കുമാർ | അക്കൗണ്ട്സ് ഓഫീസർ | 23782 |
| 6 | ശ്രീ. എൻ. രവീന്ദ്രൻ പിള്ള | അക്കൗണ്ട്സ് ഓഫീസർ | 11889 |

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.3.11 കൊല്ലം ചിന്നക്കട റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കോംപ്ലക്സ് പദ്ധതിയിലെ ഫ്ലാറ്റുകൾ, കടമുറികൾ, ഓഫീസ് സ്ഥലങ്ങൾ എന്നിവയ്ക്ക് വേക്കൻസി റെമിഷനുവേണ്ടി നിശ്ചിത സമയത്ത് അപേക്ഷ കൊടുക്കാതെ ബോർഡിന് നഷ്ടം വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി 2-7-2019-ൽ ബോർഡ് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ അന്തിമ തീരുമാനം എടുക്കാൻ വിജിലൻസ് ഉദ്യോഗസ്ഥൻ ബോർഡിനോട് ശിപാർശ ചെയ്തിരുന്നുവെങ്കിലും നാളിതുവരെയായി അതിന്മേൽ ബോർഡ് തീരുമാനം എടുക്കുകയോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കുകയോ ചെയ്തിട്ടില്ല.

**തുടർശിപാർശ**

**2.3.12 വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

ഖണ്ഡിക നമ്പർ 102

**ശിപാർശ**

2.4.1 വായ്പാ തുക തിരിച്ചടയ്ക്കാനുള്ള 36 ഗുണഭോക്താക്കളിൽ നിന്നും 31.93 ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി തുക എത്രയും വേഗം തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.2 ഈ പദ്ധതി പ്രകാരം 107 എം.എൽ.എ.-മാർക്ക് വായ്പാ സഹായം നൽകിയിരുന്നു. ഇതിൽ 91 ഗുണഭോക്താക്കൾ അവരുടെ വായ്പാ കണക്കുകൾ തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 16 എം.എൽ.എ./എം.പി.-മാരിൽ നിന്നും 30-6-2011-ലെ കണക്കുപ്രകാരം 35.81 ലക്ഷം രൂപ പിരിഞ്ഞു കിട്ടാനുണ്ട്. രജിസ്റ്റേർഡ് നോട്ടീസുകൾ മുഖേനയും നേരിലും ടി ഗുണഭോക്താക്കളെ കുടിശ്ശിക വിവരം അറിയിക്കുന്നുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.4.3 എം.പി./എം.എൽ.എ.മാർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ലോൺ ഫയലുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന 16 പേരിൽ നിന്നും 30-6-2011 വരെ 35.81 ലക്ഷം രൂപ ഇനിയും പിരിഞ്ഞു കിട്ടാനുണ്ടെന്ന് ബോർഡ് മറുപടി നൽകുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**14-1-2015-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം**

2.4.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു.

**14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

2.4.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015-ലെ യോഗം ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്ന് അറിയിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.4.6 31-1-2015-ലെ സ്റ്റേറ്റ്മെന്റ് പ്രകാരം 8 ഗുണഭോക്താക്കളിൽ നിന്നും എം.പി./എം.എൽ.എ.-മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ 32,31,352 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**13-1-2016-ലെ യോഗം ആരാഞ്ഞ അധിക വിവരം**

2.4.7 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

കൂടാതെ ഖണ്ഡിക 102-ലെ അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പ് സമർപ്പിച്ച സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എം.പി./എം.എൽ.എ.-മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ പിരിഞ്ഞ് കിട്ടാനുള്ള തുക ഏതൊക്കെ എം.പി./എം.എൽ.എ.-മാരിൽ നിന്നാണെന്നത് സംബന്ധിച്ച് പേര് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെട്ടു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.8 സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിലവിലുണ്ടായിരുന്ന എം.പി./എം.എൽ.എ.-മാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം നാളിതുവരെ വായ്പ ലഭിച്ച 107 എം.എൽ.എ/എം.പി-മാരിൽ 98 പേർ ബോർഡിലടയ്ക്കുവാനുള്ള മുഴുവൻ തുകയും ഒടുക്കി വായ്പാ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുണ്ട്. കൂടാതെ, ശ്രീ. കെ. കെ. തോമസ്, എക്സ്-എം.എൽ.എ. എടുത്ത വായ്പ എഴുതിത്തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വായ്പയെടുത്ത് തിരിച്ചടയ്ക്കാനായി അവശേഷിക്കുന്ന 8 പേരിൽ നിന്നും 31-1-2015-ലെ കണക്ക് പ്രകാരം 32,31,410 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 3-11-2017-ലെ സ.ഉ.(കൈ) നമ്പർ 20/2017/ഭവനം ഉത്തരവിലൂടെ 31-3-2018 വരെ ദീർഘിപ്പിച്ച നൽകിയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക തിരിച്ച പിടിക്കുന്നതിനുള്ള നടപടികൾ ബോർഡിൽ സ്വീകരിച്ച വരുന്നുണ്ട്. (26-6-2018-ലെ കത്ത് പ്രകാരം ലഭ്യമാക്കിയത്).

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.4.9 31-1-2015-ലെ കണക്കുകൾ പ്രകാരം 8 ഗുണഭോക്താക്കളിൽ നിന്നായി 32,31,352 രൂപ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. എന്നാൽ 30-4-2018-ലെ കണക്കുകൾ പ്രകാരം ഇനി 5 ലോൺ ഫയലുകളാണ് ക്ലോസ് ചെയ്യാൻ അവശേഷിക്കുന്നത്. പ്രസ്തുത ഫയലുകൾ പ്രകാരം അവശേഷിക്കുന്ന തുക 24,63,805 രൂപയാണ്.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.10 സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് എം.എൽ.എ./എം.പി.-മാർക്കുള്ള ഭവനനിർമ്മാണ പദ്ധതിയിൽ നിലവിലുള്ള വായ്പാ കുടിശ്ശിക വരുത്തിയ എം.പി./എം.എൽ.എ.-മാരുടെ വിശദാംശങ്ങളും, തുകയും ചുവടെ ചേർക്കുന്നു. (20-3-2019-ലെ കത്ത് പ്രകാരം ലഭ്യമാക്കിയത്)

| ക്രമ നമ്പർ | പേര് | വായ്പാ നമ്പർ | വായ്പാ തുക | 30-9-2018-ലെ കുടിശ്ശിക (രൂപ) |
|---|---|---|---|---|
| | തിരുവനന്തപുരം | | | |
| 1 | ശ്രീ. കുമാരൻ പി. കെ. | L5/M/101/98 | 300000 | 1026746 |
| 2 | ശ്രീ. ശരത്ചന്ദ്ര പ്രസാദ് | L5/M/82/95 | 300000 | 1108315 |
| | കൊല്ലം | | | |
| 3 | ശ്രീ. എഴുകോൺ നാരായണൻ | L5/M5/2003 | 300000 | കുടിശ്ശിക ഇല്ല |
| | കാസർഗോഡ് | | | |
| 4 | ശ്രീ. കുമാരൻ എം. | L5/M/1/103 | 300000 | 513542 |
| 5 | ശ്രീ. സതീഷ് ചന്ദ്രൻ | L5/M/6/05 | 300000 | 351675 |
| | | ആകെ | 1500000 | 3000278 |

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.4.11 ശ്രീ. കുമാരൻ പി. കെ. 31-1-2019-ലെ 257134-ാം നമ്പർ രസീത് പ്രകാരം 5,73,784 രൂപ തിരികെ അടച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.4.12 കുടിശ്ശിക തുക പിരിച്ചെടുക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

ഖണ്ഡിക നമ്പർ 119, 120, 121

**ശിപാർശ**

2.5.1 സാമൂഹികവും പാരിസ്ഥിതികവും കാർഷികവുമായ പ്രത്യാഘാതങ്ങളെ പഠന വിധേയമാക്കാതെയാണ് തൃപ്പൂണിത്തുറ ഉപഗ്രഹ നഗര പദ്ധതി നടപ്പാക്കുന്നതിന് കേരള ഹൗസിംഗ് ബോർഡ് തീരുമാനിച്ചതെന്ന് സമിതി വിലയിരുത്തുന്നു. സാമ്പത്തിക പരാധീനതമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഹൗസിംഗ് ബോർഡിന് ഫലത്തിൽ പ്രസ്തുത പദ്ധതിമൂലം 1,66,45,437 രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. വസ്തുനിഷ്ഠമായ പഠനം നടത്തുകയും ഏറ്റെടുക്കുന്ന സ്ഥലത്തെ പഞ്ചായത്തുകളുമായി ആലോചിക്കുകയും ചെയ്തിരുന്നുവെങ്കിൽ ബോർഡിനുണ്ടായ ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു.

2.5.2 18-4-2000-ലെ ബോർഡ് തീരുമാനപ്രകാരം പ്രസ്തുത പദ്ധതി ഉപേക്ഷിച്ചപ്പോൾ, ഈ പദ്ധതിയിൻ കീഴിൽ രൂപീകരിച്ച ലാന്റ് അക്വിസിഷൻ യൂണിറ്റ് നിർത്തലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി 16-5-2000-ൽ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ യൂണിറ്റ് നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവ് 3-3-2001-ൽ മാത്രമാണ് ഗവൺമെന്റ് പുറപ്പെടുവിച്ചതായി കാണുന്നത്. 1996-ൽ ലാന്റ് അക്വിസിഷൻ നടപടികൾ സ്റ്റേ ചെയ്തപ്പോൾ തന്നെ 75 ജീവനക്കാരിൽ 16 പേർ ഒഴികെ ബാക്കി ജീവനക്കാരെ മറ്റു ഓഫീസുകളിലേക്ക് വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമിച്ചിട്ടുള്ളതായി പറയുന്നുണ്ട്. എന്നാൽ ജീവനക്കാരെ മാറ്റി നിയമിച്ചതിനുശേഷവും അവർക്ക് നൽകിയ വേതനം ബോർഡിൽ നിന്നും ഈടാക്കിയതായാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ ജീവനക്കാരെ മാറ്റി നിയമിച്ചതു മുതൽ എൽ.എ. യൂണിറ്റിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കണക്കാക്കി ആയത് ബോർഡിന്റെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.5.3 1-11-1995 മുതൽ 15-3-2001 വരെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 1,69,72,674 രൂപ ചെലവായിട്ടുണ്ടെന്നറിയിച്ചിട്ടുള്ളതല്ലാതെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കിയിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ പദ്ധതിക്കായി വാങ്ങിയ 60 സെന്റ് സ്ഥലത്തിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതുമാകുന്നു. പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത 60 സെന്റ് സ്ഥലത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.5.4 1-11-1995 മുതൽ 15-3-2001 വരെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ചെലവായ 1,69,72,674 രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അറിയിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ബോർഡ് സെക്രട്ടറി ഡെപ്യൂട്ടി കളക്ടർ (LA) എറണാകുളത്തിനും ഡെപ്യൂട്ടി തഹസിൽദാർ (RR) എറണാകുളത്തിനും കത്ത് അയച്ചുവെങ്കിലും മറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

ഈ പദ്ധതിക്കുവേണ്ടിയുള്ള 60 സെന്റ് സ്ഥലം ബോർഡിന്റെ പേരിൽ വാങ്ങിയിട്ടില്ല. Advance Possession എടുത്തിട്ടാണ് പദ്ധതി നടപ്പാക്കാൻ തുടങ്ങിയത്. Award തുക പാസ്സാക്കിയിട്ടില്ല എന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.5.5 തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിയെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ നിയമസഭാ സമിതി നിർദ്ദേശിച്ച പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ചെലവായ 1,69,72,674 രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് സെക്രട്ടറി ഡെപ്യൂട്ടി കളക്ടർ (LA) എറണാകുളത്തിനും, ഡെപ്യൂട്ടി തഹസിൽദാർ (RR) എറണാകുളത്തിനും അയച്ച കത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത 60 സെന്റ് സ്ഥലം ബോർഡിന് കൈമാറുകയോ അവാർഡ് തുക പാസ്സാക്കുകയോ ചെയ്തിട്ടില്ല എന്നറിയിച്ചുകൊണ്ടുള്ള എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പും സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ കത്തിന്റെ പകർപ്പും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ചെലവായ 1,69,72,674 രൂപയുടെ വിവരങ്ങൾ ഇപ്പോഴും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

**14-1-2015-ലെ സമിതിയോഗ തീരുമാനം**

2.5.6 തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിയുടെ വിശദാംശങ്ങൾ, കണക്കുകൾ, ചെലവിന്റെ വിവരങ്ങൾ, എന്നിവ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെടാനും അവ ലഭ്യമായതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താനും സമിതി തീരുമാനിച്ചു.

**14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

2.5.7 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ബോർഡിൽ നിന്നു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി, നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്നും അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.5.8 തൃപ്പൂണിത്തുറ ഉപഗ്രഹ നഗര പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

### 13-1-2016-ലെ സമിതി യോഗ തീരുമാനം

2.5.9 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനു ശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

2.5.10 തൃപ്പൂണിത്തുറ ഉപഗ്രഹ നഗര പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ഭവനനിർമ്മാണ ബോർഡിൽ നിന്നും അധികമായി ഈടാക്കിയ 57,07,022 രൂപ ബോർഡിന് തിരികെ നൽകാൻ എറണാകുളം ജില്ലാ കളക്ടറോട് 27-7-2017-ലെ എച്ച്.എസ്.ജി/ബി1/14/2015-എച്ച്.എസ്.ജി. നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത തുക ബോർഡിന് ലഭ്യമായിട്ടില്ല.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.5.11 തൃപ്പൂണ്ണിത്തുറ ഉപഗ്രഹ നഗര പദ്ധതിയുടെ ചെലവിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എന്നാൽ തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും അധികമായി ഈടാക്കിയ 57,07,022 രൂപ ബോർഡിന് തിരികെ നൽകാൻ എറണാകുളം ജില്ലാ കളക്ടറോട് 27-7-2017-ലെ എച്ച്.എസ്.ജി/ബി1/14/2015-എച്ച്.എസ്.ജി. നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതായി ബോധ്യപ്പെട്ടു. നാളിതുവരെയായി തുക ലഭിച്ചിട്ടില്ല.

### 19-12-2018-ലെ സമിതിയോഗ തീരുമാനം

2.5.12 പ്രസ്തുത ശിപാർശ ഖണ്ഡിക സംബന്ധിച്ച് സർക്കാർ സമർപ്പിച്ച മറുപടി പരിഗണിച്ച സമിതി തൃപ്പൂണ്ണിത്തുറ ഉപഗ്രഹ നഗര പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ഭവനനിർമ്മാണ ബോർഡിൽ നിന്നും അധികമായി ഈടാക്കിയ 57,07,022 രൂപ തിരികെ നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുവാൻ തുടർശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**തുടർശിപാർശ**

**2.5.13 തൃപ്പൂണ്ണിത്തുറ ഉപഗ്രഹ നഗര പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ഭവനനിർമ്മാണ ബോർഡിൽ നിന്നും അധികമായി ഈടാക്കിയ 57,07,022 രൂപ തിരികെ നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 147, 148

2.6.1 ഷട്ടറിംഗ് മെറ്റീരിയൽസിന്റെ വാടക നിശ്ചയിക്കുന്നതിനായുള്ള ഉത്തരവ് ഓഡിറ്റ് പരിശോധിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ചീഫ് എഞ്ചിനീയർ അംഗീകരിച്ച് ഇറക്കിയ ഉത്തരവ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ് ചെയ്തത് ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. ഇപ്രകാരം മാറ്റം വരുത്തി ഉത്തരവിറക്കാനുണ്ടായ കാരണം അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.6.2 ആദ്യ കരാറുകാരിൽ നിന്നും 25-10-1995 മുതൽ 15-5-1996 വരെയുള്ള 7 മാസക്കാലത്തെ വാടക ഈടാക്കുവാൻ വീഴ്ചവരുത്തിയത് എന്തു കൊണ്ടാണെന്ന്, സമിതിയെ അറിയിക്കുന്നതോടൊപ്പം ഇപ്രകാരം വാടക ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് സമിതിയെ അറിയിക്കണമെന്നും ടി ഉദ്യോഗസ്ഥനിൽ നിന്നും ബാദ്ധ്യത തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.6.3 കേരള പൊതുമരാമത്ത് കോഡ് 316 പ്രകാരം ഷട്ടറിംഗ് മെറ്റീരിയൽസ് "Tools, Plants & machinery” -യുടെ ഗണത്തിൽപ്പെടുത്താമെന്ന അനുമാനത്തിൽ മേഖലാ എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 15-1-1998-ൽ ചീഫ് എഞ്ചിനീയർ വാടക അംഗീകരിച്ച് നൽകിയത്. എന്നാൽ കൂടുതൽ പരിശോധനയിൽ ഷട്ടറിംഗ് സാധനങ്ങളെ "tools, Plants & machinery”-യുടെ ഗണത്തിൽ പ്പെടുത്താനാവുകയില്ലെന്നു മനസ്സിലായി. നിരന്തരമായ ഉപയോഗം കാരണം പരമാവധി 6 വർഷക്കാലം ഉപയോഗിക്കാൻ കഴിയുന്ന പമ്പ്, air compressor തുടങ്ങിയ സാധനങ്ങളാണ് ഈ ഗണത്തിൽ വരുന്നതെന്നും ശരിയായ രീതിയിൽ ഉപയോഗിച്ചാൽ ദീർഘകാലം ഉപയോഗിക്കാൻ കഴിയുന്ന ഷട്ടറിംഗ് സാധനങ്ങൾ ഈ ഗണത്തിൽ ഉൾപ്പെടുത്താനാവുന്നതല്ലെന്ന് ബോദ്ധ്യപ്പെടുകയുമുണ്ടായി. ആയതിനാൽ PWD കോഡ് അനുശാസിക്കും പ്രകാരം ഷട്ടറിംഗ് സാധനങ്ങളുടെ വാടക നിശ്ചയിക്കാൻ കഴിയുകയില്ല. കരാറുകാരൻ ബോർഡുമായി വച്ച കരാർ ഉടമ്പടിയുടെ ഭാഗമായിട്ടുള്ള അംഗീകരിച്ച ഐറ്റത്തിൽ ചേർത്തിട്ടുള്ള അതേ വാടക നിരക്ക് (ടിയാന് അംഗീകരിച്ചു നൽകിയ ദർഘാസ് വർദ്ധനയടക്കം) ബോർഡ് നൽകിയ ഷട്ടറിംഗ് മെറ്റീരിയൽസിന്

ഈടാക്കുന്നതാണ് ന്യായവും ശരിയുമെന്ന് ചീഫ് എഞ്ചിനീയർക്ക ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാടക പുനർ നിർണ്ണയം ചെയ്യാൻ 30-5-2000-ലെ കത്തു പ്രകാരം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് clause 5 of specification Part I of General of NIT condition പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ വാടക പുനർ നിർണ്ണയിച്ച് നൽകിയത്. വാടക പുതുക്കി നിശ്ചയിക്കാൻ ചീഫ് എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാടക പുനർ നിർണ്ണയം ചെയ്തു നൽകിയത്.

കരാറുകാരന് CC IX(CPT)-ലെ ബില്ലിൽ 16-1-96-ന് കൊടുത്ത തുകയിൽ നിന്നും മേൽപ്പടി സാധനസാമഗ്രികൾ സൈറ്റിൽ കൊണ്ടുവന്നതിന്റെ പേരിൽ 2000 രൂപ റിക്കവറി ചെയ്തിട്ടുണ്ട്. ഇതിനു ശേഷം കരാറുകാരൻ ചെയ്ത ജോലിയുടെ പുരോഗതി വളരെ മോശമായതിനാൽ വർക്ക് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കുകയും പിന്നീട് കരാറുകാരന്റെ വിട്ടുതൽ ബിൽ തയ്യാറാക്കിയപ്പോൾ, ഷട്ടറിംഗ് മെറ്റീരിയൽസിന്റെ 25-10-95 മുതൽ 15-5-96 വരെയുള്ള കാലയളവിലെ വാടകയിനത്തിൽ 46,685 രൂപ കരാറുകാരന്റെ Liability ആയി ചേർത്തിട്ടുണ്ട്.

ഷട്ടറിംഗ് മെറ്റീരിയൽസിന്റെ വാടകയായ 46,685 രൂപ ഉൾപ്പെടെ വരുന്ന ആകെ Liability 29,08,012 രൂപയാണ്. ഈ തുകയും പലിശയും കരാർ നിയമമനുസരിച്ച് റവന്യൂ റിക്കവറി നടപടിയിലൂടെ കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടി പുരോഗതിയിലാണ്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.6.4 പത്ര പ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ ബോർഡ് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രാദേശിക പരിശോധനാവേളയിൽ ഷട്ടറിംഗ് മെറ്റീരിയൽസിന്റെ വാടക പുനർ നിർണ്ണയം ചെയ്യാൻ ചീഫ് എഞ്ചിനീയർ അനുവാദം നൽകി എന്നറിയിച്ചുകൊണ്ടുള്ള 30-5-2000-ലെ കത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഷട്ടറിംഗ് മെറ്റീരിയൽസിന്റെ വാടകയായ 46,685 രൂപ ഉൾപ്പെടെയുള്ള ആകെ തുകയായ 29,08,012 രൂപയും പലിശയും ഈടാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണെന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

### 14-1-2015-ലെ യോഗത്തിൽ സമതി ആവശ്യപ്പെട്ട അധിക വിവരം

2.6.5 കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നും 1996 വരെയുള്ള വാടക ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്നുള്ള വിവരം ഓഡിറ്റിനെ അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

## 14-10-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.6.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015-ലെ അധികവിവരത്തിന്മേൽ ബോർഡിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകുന്നതാണെന്ന് അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.6.7 ബോർഡ് നൽകിയ മറുപടി തൃപ്തികരമല്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ വിവരവും വാടക ഈടാക്കുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥന്റെ പേരു വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 13-1-2016-ലെ സമിതിയോഗ തീരുമാനം

2.6.8 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനു ശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

2.6.9 ഷട്ടറിംഗ് മെറ്റീരിയൽസിന്റെ വാടക ഈടാക്കുന്നതിനുള്ള ഉത്തരവ് ചീഫ് എഞ്ചിനീയർ ഇറക്കിയിരുന്നുവെങ്കിലും 25-5-2000-ലെ മേഖലാ എഞ്ചിനീയറുടെ RE/DB/D3/4617/D1/81 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, Specification Part 1 of General of NIT Clause 5 പ്രകാരം Rent Revise ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുമതി നൽകിയതായി ബോർഡ് അറിയിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.6.10 കരാറുകാരിൽ നിന്നും തുക ഈടാക്കിയതിന്റെ വിവരവും വാടക ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്നുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല.

## 19-12-2018-ലെ സമിതിയോഗ തീരുമാനം

2.6.11 പ്രസ്തുത ശിപാർശ ഖണ്ഡികകൾ സംബന്ധിച്ച മറുപടി പരിഗണിച്ച സമിതി ഭവനനിർമ്മാണ ബോർഡ് അധികൃതരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

## 9-10-2019-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.6.12 പ്രസ്തുത ശിപാർശ ഖണ്ഡികകളിന്മേലുള്ള നടപടി സംബന്ധിച്ച് ഭവനനിർമ്മാണ ബോർഡിന്റെ വിശദീകരണം സമിതി ആരാഞ്ഞു. പ്രസ്തുത ശിപാർശകളുമായി ബന്ധപ്പെട്ട് ആദ്യ കരാറുകാരനിൽ നിന്നും 30-12-1997 മുതൽ ബാധ്യത കണക്കാക്കി ആകെ 29 ലക്ഷം രൂപ ഈടാക്കുവാൻ നോട്ടീസ് നൽകിയിരുന്നുവെന്നും തുടർന്ന് 1998, 1999, 2009 എന്നീ വർഷങ്ങളിലും നോട്ടീസ് നൽകിയിരുന്നുവെങ്കിലും കരാറുകാരൻ കുറച്ചുകാലം ജയിലിലും തുടർന്ന് അസുഖബാധിതനും ആയിരുന്നതിനാലും ടി തുക ഇളവ് ചെയ്ത് നൽകണമെന്ന് ടിയാൻ 2012-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും 31-12-2013-ലെ കണക്കുപ്രകാരം 87,18,000 രൂപയുടെ ബാധ്യതയാണ് ടിയാന്റെ പേരിലുണ്ടായിരുന്നതെന്നും ടിയാൻ സർക്കാരിന് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1-1-2014-ലെ ഉത്തരവുപ്രകാരം 31 ലക്ഷം രൂപ ഒറ്റത്തവണയായി അടച്ച് തീർപ്പാക്കുവാൻ ഉത്തരവാകുകയുണ്ടായി എന്നും അതു പ്രകാരം 2014-ൽ 31,35,113 രൂപ അടച്ച് വിഷയം തീർപ്പാക്കിയിട്ടുണ്ടെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ അറിയിച്ചു.

## 9-10-2019-ലെ സമിതിയോഗ തീരുമാനം

2.6.13 2014-ൽ അവസാനിച്ച വിഷയം അഞ്ച് വർഷങ്ങൾക്കു ശേഷമാണ് സമിതി മുമ്പാകെ അറിയിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി കൃത്യസമയത്ത് സമിതി മുമ്പാകെ വിവരങ്ങൾ നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തി. പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശം തീർപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ഭരണ വകുപ്പിന് സമർപ്പിക്കുന്നതിനും ഭരണ വകുപ്പ് ആയത് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

## തുടർശിപാർശ

**2.6.14 2014-ൽ അവസാനിച്ച വിഷയം അഞ്ച് വർഷങ്ങൾക്കു ശേഷം മാത്രമാണ് സമിതി മുമ്പാകെ അറിയിക്കുന്നത്. സമിതി മുമ്പാകെ വിവരങ്ങൾ യഥാസമയം നൽകാത്ത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

**2.6.15 പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശം തീർപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ഭരണ വകുപ്പിന് സമർപ്പിക്കുന്നതിനും ആയത് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു.**

ഖണ്ഡിക നമ്പർ 158

**ശിപാർശ**

2.7.1 ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്ത മൈത്രി ഭവന പദ്ധതിയുടെ നടത്തിപ്പുകളുമായി ബന്ധപ്പെട്ടുണ്ടായ ക്രമക്കേടുകളിന്മേൽ വിവിധ ഏജൻസികൾ അന്വേഷണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച എല്ലാ വിവരങ്ങളും ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.2 മൈത്രി ഭവന പദ്ധതി സംബന്ധിച്ച് ധൻ & Co., അക്കൗണ്ടന്റ് ജനറൽ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എന്നിവർ നടത്തിയ ആഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് 17-1-2011-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ബോർഡിന്റെ ഹെഡ്ഡാഫീസിലും പരിശോധനയ്ക്ക് ലഭ്യമാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധാക്കുറിപ്പ്**

2.7.3 മൈത്രി ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ധൻ & കോ., എ.ജി, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എന്നിവർ നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. റിപ്പോർട്ടുകൾ പരിശോധിച്ചു വരുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.4 മൈത്രി ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ധൻ & കോ., അക്കൗണ്ടന്റ് ജനറൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എന്നിവർ നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് 17-1-2011-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ബോർഡിന്റെ ഹെഡ്ഡാഫീസിലും പരിശോധനയ്ക്ക് ലഭ്യമാണ്. (22-4-2014-ലെ കത്ത് പ്രകാരം ലഭ്യമാക്കിയത്)

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധാക്കുറിപ്പ്**

2.7.5 മൈത്രി ഭവന പദ്ധതി സംബന്ധിച്ച് ധൻ & Co., അക്കൗണ്ടന്റ് ജനറൽ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എന്നിവർ നടത്തിയ ആഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. കൂടാതെ ധൻ & Co.-യുടെ ഓഡിറ്റ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ (1) അടിസ്ഥാന രേഖകളില്ലാതെ വായ്പ അനുവദിക്കുക (2) തെറ്റായ സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കുക(3) വായ്പ നൽകിയ രേഖകൾ ഓഫീസിൽ സൂക്ഷിക്കാതിരിക്കുക(4) അനർഹർക്ക്

വായ്പ അനുവദിക്കുക(5) ചെക്കുകളിൽ കൃത്രിമം കാണിക്കുക(6) പണാപഹരണം നടത്തുക എന്നീ ആറ് വിഷയങ്ങൾ സംസ്ഥാന VACB യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് വരുന്നതായി 6-12-2011-ലെ IAD/LF/CAR/2002-2005 വിഷയങ്ങൾ നമ്പർ കത്ത് പ്രകാരം ബോർഡ് ഡെപ്യൂട്ടി സെക്രട്ടറി (IAD) പ്രകാരം അറിയിച്ചിട്ടുണ്ട്.

### 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.7.6 പ്രസ്തുത ശിപാർശയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ അടിയന്തരമായി പരിശോധിച്ച് വിശദാംശം നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടു.

### 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.7.7 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015-ലെ യോഗം ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്ന് അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.8 അക്കൗണ്ടന്റ് ജനറലിന്റെ 28-10-2013-ലെ SGS II(HQ)III/1/8-3196/231 നമ്പർ റിവ്യൂ റിപ്പോർട്ടിൽ മൈത്രി ഭവന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ പരാമർശം ഒഴിവാക്കിയിട്ടുണ്ട്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെയും ധൻ ആന്റ് കമ്പനിയുടെയും കണ്ടെത്തലുകൾക്ക് തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 13-1-2016-ലെ സമിതിയോഗ തീരുമാനം

2.7.9 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.7.10 അക്കൗണ്ടന്റ് ജനറലിന്റെ 28-10-2013-ലെ SGS II(HQ)III/1/8-3196/231 നമ്പർ റിവ്യൂ റിപ്പോർട്ടിൽ മൈത്രി ഭവന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ പരാമർശം ഒഴിവാക്കിയിട്ടുണ്ട്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെയും ധൻ ആന്റ് കമ്പനിയുടെയും കണ്ടെത്തലുകൾക്ക് തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.7.11 ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെയും ധൻ ആന്റ് കമ്പനിയുടെയും അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ കണ്ടെത്തലുകൾക്ക് തുടർനടപടി സ്വീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 166

**ശിപാർശ**

2.8.1 ഭവന നിർമ്മാണ ബോർഡ് പല പദ്ധതികൾക്കായി വായ്പായിനത്തിൽ നൽകിയ തുകയിൽ 30-9-2007-ലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം 141.19 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.8.2 ബോർഡിന് ലഭിക്കേണ്ടുന്ന കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് 1976 മുതൽ റവന്യൂ റിക്കവറി ആക്ട് ബാധകമാക്കി, ജില്ലാ കളക്ടർമാർ മുഖാന്തിരം നടപടി ആരംഭിച്ചുവെങ്കിലും ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ കേരള റവന്യൂ റിക്കവറി ആക്ടിലെ 'കളക്ടറുടെ' ചുമതല ബോർഡിലെ ചീഫ് റവന്യൂ ഓഫീസർക്ക് നൽകി 2004 മാർച്ച് മാസത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ സഹായിക്കുന്നതിനായി ഡെപ്യൂട്ടി തഹസിൽദാർമാരെ നിയമിച്ചുകിട്ടാഞ്ഞതിനാൽ നടപടി ഊർജ്ജിതപ്പെടുത്താനായില്ല. കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുകയും, ബോർഡ് കടക്കെണിയിൽപ്പെടുകയും ചെയ്തതോടെ, 2007-ൽ ബോർഡ് ജീവനക്കാർക്ക് റവന്യൂ റിക്കവറി ആക്ടിലെ 'ഓതറൈസ്ഡ് ഓഫീസർമാരുടെ' അധികാരം നൽകിക്കൊണ്ട്, ചീഫ് റവന്യൂ ഓഫീസറുടെ നേതൃത്വത്തിൽ റവന്യൂ റിക്കവറി നടപടി ഊർജ്ജിതപ്പെടുത്തി. ജീവനക്കാർ നേരിട്ട് ഡിമാന്റ് നോട്ടീസ് നടത്തുക, സ്ഥാവര വസ്തു ജപ്തി ചെയ്യുക, ലേലം

നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചതോടെ കുടിശ്ശിക പിരിവ് മെച്ചപ്പെടുത്താനായി. കഴിഞ്ഞ വർഷങ്ങളിൽ റവന്യൂ റിക്കവറി നടപടിയിലൂടെ മാത്രം പിരിച്ചെടുക്കാൻ കഴിഞ്ഞ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2007-2008 | 2906.90 ലക്ഷം |
| 2008-2009 | 2380.29 ലക്ഷം |
| 2009-2010 | 2723.34 ലക്ഷം |
| 2010-2011 | 2461.85 ലക്ഷം |
| | **10472.38 ലക്ഷം** |
| 2011-2012 (ജൂൺ വരെ) | 949.68 ലക്ഷം |
| ആകെ | **11422.06 ലക്ഷം** |

ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം റവന്യൂ റിക്കവറി കേസുകൾക്കും ബാധകമായിരുന്നതിനാൽ ആനുകൂല്യം കഴിച്ചുള്ള തുകയാണ് മേൽക്കാണിച്ചിരിക്കുന്നത്. സർക്കാർ എഴുതിത്തള്ളിയ വായ്പകളുടെ കണക്കും മേൽ കാണിച്ചതിൽപ്പെടുന്നില്ല.

റവന്യൂ റിക്കവറി നടപടി ശക്തിപ്പെടുത്തിയതിന്റെ ഫലമായി നാലായിരത്തോളം കുടിശ്ശിക ഫയലുകൾ തീർപ്പാക്കാനായിട്ടുണ്ട്. ബാക്കി അയ്യായിരത്തോളം ഫയലുകളിൽ നടപടി തുടർന്നുവരുന്നു. കൂടാതെ കളക്ഷൻ ഡ്രൈവ് നടത്തി കുടിശ്ശികക്കാരെ നേരിൽ കണ്ടും എല്ലാ ജില്ലകളിലും ജില്ലാ അദാലത്തുകൾ നടത്തിയും റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയുണ്ടായി. മേൽ നടപടികളിലൂടെ കുടിശ്ശിക പിരിവ് ഗണ്യമായി വർദ്ധിക്കുകയും 30-4-2011-ലെ കണക്കുപ്രകാരം കുടിശ്ശികയായി ലഭിക്കേണ്ട തുക 53.74 കോടി രൂപയായി കുറയുകയും ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.8.3 2007-08 സാമ്പത്തിക വർഷം മുതൽ 2011 ജൂൺ വരെ റവന്യൂ റിക്കവറി നടപടികളിലൂടെ 141.19 കോടി രൂപ പിരിഞ്ഞുകിട്ടാനുള്ളതിൽ 114.22 കോടി രൂപ പിരിച്ചെടുത്തതായി ബോർഡ് അറിയിച്ചിട്ടുണ്ട്. 31-7-2011-ലെ കണക്ക് പ്രകാരം കുടിശ്ശിക തുക 51.18 കോടി രൂപയായി കുറഞ്ഞിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 31-7-2011-ലെ ഡി.സി.ബി പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

## 14-1-2015-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം

2.8.4 പ്രസ്തുത ശിപാർശയിന്മേൽ 31-7-2011-ന് ശേഷമുള്ള നടപടിയുടെ പുരോഗതി, ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം, ഇതുവരെ ഈടാക്കിയ തുക എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് നൽകണമെന്നും ഉത്തരവാദികളായവരുടെ പേരിൽ ബാധ്യത ചുമത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

## 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.8.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015-ലെ യോഗം ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്ന് അറിയിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.8.6 വിവിധ വായ്പാ പദ്ധതികളിൽ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുകയിൽ 4/2011 മുതൽ 31-3-2015 വരെ OTS പദ്ധതി പ്രകാരം 65.88 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഉത്തരവാദികൾക്കെതിരെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

## 13-1-2016-ലെ സമിതിയോഗം ആരാഞ്ഞ അധിക വിവരം

2.8.7 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവന നിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

2.8.8 31-7-2017 വരെ 11259 വായ്പാ കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ മുഖേന ആർ. ആർ. നടപടി സ്വീകരിച്ച 2327 കേസുകളും ജില്ലാ കളക്ടർ മുഖേന 181 കേസുകളും ഉൾപ്പെടെ ആകെ 2508 കേസുകളാണ് ബോർഡിൽ അവശേഷിക്കുന്നത്. 3-11-2017-ലെ

സ.ഉ.(കൈ) 20/2017/ഭവനം ഉത്തരവിലൂടെ ഭവനനിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-3-2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2011 മുതൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ള കേസുകളിൽ പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം III)

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.8.9 സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ മുഖേന ആർ.ആർ. നടപടി സ്വീകരിച്ച 2327 കേസുകളും ജില്ലാ കളക്ടർ മുഖേന 181 കേസ്സുകളും ഉൾപ്പെടെ ആകെ 2508 കേസുകളാണ് ബോർഡിൽ അവശേഷിക്കുന്നത്. 3-11-2017-ലെ സ.ഉ.(കൈ) 20/2017/ഭവനം ഉത്തരവിലൂടെ ഭവനനിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-3-2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2011 മുതൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ള കേസുകളിൽ പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടു.

**19-12-2018-ലെ സമിതി യോഗ തീരുമാനം**

2.8.10 പ്രസ്തുത മറുപടി പരിഗണിച്ച സമിതി ഭവനനിർമ്മാണ ബോർഡ് അധികൃതരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

**9-10-2019-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി**

2.8.11 വായ്പാത്തുക പിരിച്ചെടുക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ച നടപടികളെപ്പറ്റി സമിതി ആരാഞ്ഞതിന് കുടിശ്ശികത്തുക തിരിച്ചുപിടിക്കുവാൻ 7-2-2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും റവന്യൂ റിക്കവറി നടപടികളും ആരംഭിച്ചിരുന്നുവെന്നും 31-3-2018-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ നടപടിക്രമങ്ങൾ അവസാനിച്ചുവെന്നും അതിനുശേഷം 19-7-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം അദാലത്ത് നടത്തിക്കൊണ്ടിരിക്കുകയാണ് എന്നും അതുപ്രകാരം 79 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അദാലത്ത് നടപടികൾ പൂർണ്ണമായതിന് ശേഷം മാത്രമേ കുടിശ്ശിക തുക കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂവെന്നും ഇനി രണ്ട് ജില്ലകളിൽ കൂടി അദാലത്ത് സംഘടിപ്പിക്കുവാൻ ബാക്കിയുണ്ടെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ മറുപടി നൽകി. അദാലത്ത് നടന്നുകൊണ്ടിരിക്കുന്ന വിവരം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിരുന്നുവോ എന്ന സമിതിയുടെ ചോദ്യത്തിന് അറിയിച്ചിട്ടില്ല എന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ അറിയിച്ചു.

**9-10-2019-ലെ സമിതി യോഗ തീരുമാനം**

2.8.12 വായ്പാത്തുക തിരിച്ചുപിടിക്കുന്ന വിഷയത്തിന്മേൽ അദാലത്ത് നടക്കുന്നുണ്ടെന്ന റിപ്പോർട്ട് ഭരണ വകുപ്പിനും ആയത് ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് സമർപ്പിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.8.13 വായ്പാത്തുക തിരിച്ചുപിടിക്കുന്നതിനുള്ള അദാലത്ത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഭരണ വകുപ്പിനും ഭരണ വകുപ്പ് ആയത് ഓഡിറ്റ് മുഖേന സമിതിയ്ക്കും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുത്ത് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 192

**ശിപാർശ**

2.9.1 ഗവൺമെന്റ് വിവിധ സബ്സിഡിയിനങ്ങളിലായി ഹൗസിംഗ് ബോർഡിന് നൽകാനുള്ള 115 കോടി രൂപയിൽ നിന്ന്, ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള 21.84 കോടി രൂപ കുറവുചെയ്ത് ടി തുക തദ്ദേശസ്വയംഭരണ വകുപ്പ് വഴി നേരിട്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.9.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആന്വിറ്റി പദ്ധതി പ്രകാരം അടച്ച തുകയിൽ പദ്ധതി സഹായം നൽകാൻ കഴിയാത്ത കേസുകളിൽ ടി തുക തിരിച്ച് നൽകുന്നതിന് ബോർഡിന് സർക്കാരിൽനിന്നും ലഭിക്കേണ്ടുന്ന തുക ലഭിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ സർക്കാരിൽ നിന്നും ഇതിനായി തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.9.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആന്വിറ്റി പദ്ധതി പ്രകാരം അടച്ച തുകയിൽ പദ്ധതി സഹായം നൽകാൻ കഴിയാത്ത കേസുകളിൽ ടി തുക തിരിച്ചുനൽകുന്നതിന് ബോർഡിന് സർക്കാരിൽനിന്നും ലഭിക്കേണ്ടുന്ന തുക ലഭിച്ചാൽ മാത്രമേ കഴിയുകയുള്ളൂ എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്. സർക്കാരിൽനിന്നും സബ്സിഡിയിനത്തിൽ തുക ലഭ്യമാക്കാത്തതിനാൽ പരാമർശം ഒഴിവാക്കാവുന്നതല്ല.

**തുടർശിപാർശ**

**2.9.4 സർക്കാരിൽനിന്നും സബ്സിഡിയിനത്തിൽ ബോർഡിന് ലഭിക്കേണ്ട തുക എത്രയുംവേഗം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 199

**ശിപാർശ**

2.10.1 മൈത്രി ഭവനപദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് അപേക്ഷ നൽകിയ ശ്രീമതി ഗൗരിക്കുട്ടിയ്ക്ക് വായ്പ ലഭ്യമാക്കിയില്ലെന്നു മാത്രമല്ല 4500 രൂപ നഷ്ടപരിഹാരം

നൽകേണ്ടിവന്നത് ഹൗസിംഗ് ബോർഡിന്റെ ഭാഗത്തുനിന്നുണ്ടായ കടുത്ത അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ഇതിന്മേൽ ഉപഭോക്തൃ തർക്ക പരിഹാര കോടതി മുമ്പാകെ കേസ് വാദിക്കുന്നതിന് നിയുക്തനായ അഡ്വ. എം. പി. വർഗ്ഗീസ് കോടതി മുമ്പാകെ ഹാജരായി കേസ് വാദിക്കുന്നതിൽ വീഴ്ച വരുത്തിയതു കൂടാതെ ഇതു സംബന്ധിച്ച എല്ലാ രേഖകളും നഷ്ടപ്പെടുത്തുക കൂടി ചെയ്തത് തികച്ചും ഗൗരവതരമായ സംഗതിയാണ്. ആയതിനാൽ അഡ്വ. എം. പി. വർഗ്ഗീസിൽ നിന്നും പ്രസ്തുത തുകയും പലിശയും ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇദ്ദേഹത്തിനെതിരെ ബാർ കൗൺസിലിൽ പരാതി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.10.2 ശ്രീമതി ഗൗരിക്കുട്ടിയുടെ (വായ്പാ നമ്പർ KM/926/EWS/96) ഫയൽ ബോർഡിന്റെ പാനൽ അഡ്വക്കേറ്റായിരുന്ന ശ്രീ. എം. പി. വർഗ്ഗീസിൽ നിന്നും നഷ്ടപ്പെട്ട സാഹചര്യത്തിൽ ബോർഡിന്റെ നഷ്ടമായ 4500 രൂപ പലിശ സഹിതം അടയ്ക്കണമെന്ന് അഡ്വക്കേറ്റ് ശ്രീ. എം. പി. വർഗ്ഗീസിനോട് ആവശ്യപ്പെടുകയും എന്നാൽ ടിയാൻ തുക അടയ്ക്കാത്തതിനാൽ ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാൻ ബാർ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ ബോർഡിന്റെ സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.10.3 ശ്രീമതി ഗൗരിക്കുട്ടിയുടെ പ്രമാണങ്ങൾ അടങ്ങിയ വായ്പാ ഫയൽ ബോർഡിന്റെ പാനൽ അഡ്വക്കേറ്റ് ആയിരുന്ന ശ്രീ. എം. പി. വർഗ്ഗീസിൽ നിന്നും നഷ്ടമായതിനാൽ ബോർഡ് ശ്രീമതി ഗൗരിക്കുട്ടിയ്ക്ക് നഷ്ടപരിഹാരമായി നൽകേണ്ടി വരുന്ന 4,500 രൂപ പലിശ സഹിതം ശ്രീ. വർഗ്ഗീസിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

### 14-1-2015-ലെ സമിതി യോഗ നിർദ്ദേശം

2.10.4 എത്രയുംവേഗം തുക ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

### 14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽനിന്നും ലഭിച്ച മറുപടി

2.10.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 14-1-2015-ലെ യോഗം ആരാഞ്ഞ അധികവിവരത്തിന്മേൽ ബോർഡിൽനിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് എത്രയും പെട്ടെന്ന് റിപ്പോർട്ട്നൽകുന്നതാണെന്ന് അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.10.6 തുക ഈടാക്കിയിട്ടില്ല.

### 13-1-2016-ലെ സമിതിയോഗ നിർദ്ദേശം

2.10.7 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരങ്ങൾ സംബന്ധിച്ച സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയുംവേഗം സമർപ്പിക്കാമെന്ന ഭവനനിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കുവാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

2.10.8 ശ്രീമതി ഗൗരിക്കുട്ടിയുടെ (വായ്പാ നമ്പർ KM/926/EWS/96) ഫയൽ ഉൾപ്പെടെ 6 ഫയലുകൾ ഭവനനിർമ്മാണ ബോർഡിന്റെ കോന്നി ബ്രാഞ്ച് ഓഫീസിൽ നിന്ന് അന്നത്തെ പാനൽ അഡ്വക്കേറ്റായിരുന്ന ശ്രീ. എം. പി. വർഗ്ഗീസിന് നിയമ പരിശോധനയ്ക്കായി നൽകിയിരുന്നു. എന്നാൽ, 27-1-1998-ൽ ഈ ഫയൽ ഒഴിച്ചുള്ള 5 ഫയലുകൾ മാത്രമേ ഭവനനിർമ്മാണ ബോർഡിന് തിരികെ ലഭിച്ചിട്ടുള്ളുവെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഫയൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ ബോർഡിന് നഷ്ടമായ 4500 രൂപ പലിശ സഹിതം അടയ്ക്കണമെന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ശ്രീ. എം. പി. വർഗ്ഗീസിനെ അറിയിച്ചിരുന്നെങ്കിലും തുക ഇതുവരെ തിരിച്ചടച്ചിട്ടില്ല.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.10.9 നഷ്ടപരിഹാര തുകയായ 4500 രൂപ പലിശ സഹിതം അഡ്വക്കേറ്റ് ശ്രീ. എം. പി. വർഗ്ഗീസിൽ നിന്നും ഈടാക്കണമെന്ന സമിതി നിർദ്ദേശം ഇതുവരെയും നടപ്പാക്കിയിട്ടില്ല.

### 19-12-2018-ലെ സമിതിയോഗ തീരുമാനം

2.10.10 പ്രസ്തുത ശിപാർശ ഖണ്ഡിക സംബന്ധിച്ച മറുപടി പരിഗണിച്ച സമിതി ഭവനനിർമ്മാണ ബോർഡ് അധികൃതരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

### 9-10-2019-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.10.11 ഭവന നിർമ്മാണ ബോർഡിന്റെ അനാസ്ഥമൂലം നഷ്ടപരിഹാരം നൽകേണ്ടിവന്നതുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച നിലവിലെ സ്ഥിതി സമിതി

ആരായുകയും നഷ്ടപരിഹാരം നൽകേണ്ടി വന്നതുമായി ബന്ധപ്പെട്ട് ഉപഭോക്തൃ തർക്കപരിഹാര കോടതി മുമ്പാകെ കേസ് വാദിച്ച അഡ്വക്കേറ്റിനെതിരെ നോട്ടീസ് അയയ്ക്കുകയും ബാർ കൗൺസിലിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ടെന്നും തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും നഷ്ടപരിഹാരമായി നൽകിയ 4500 രൂപ അഡ്വക്കേറ്റിൽ നിന്നും തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ മറുപടി നൽകി.

**9-10-2019-ലെ സമിതിയോഗ നിർദ്ദേശം**

2.10.12 ബാർ കൗൺസിൽ പരാതി തീർപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**തുടർശിപാർശ**

**2.10.13 ബാർ കൗൺസിൽ പരാതി തീർപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

## സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും

### ഖണ്ഡിക നമ്പർ 10

**ശിപാർശ**

3.1.1 ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും സാമ്പത്തികകാര്യങ്ങൾക്കും മുൻഗണന നൽകുന്നതിനുള്ള ബോർഡ് തീരുമാനമനുസരിച്ച് പുതുക്കിയ നിക്ഷേപങ്ങൾക്കും നടപടിക്രമങ്ങൾക്കും 21-3-2005-ലെ ജി.ഒ. (എം.എസ്.) നം. 12/2005/ഹൗസിംഗ് നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ഭവനനിർമ്മാണ ബോർഡ് അറിയിച്ച സാഹചര്യത്തിലും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് വ്യക്തമായതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.1.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 22</u>

**ശിപാർശ**

3.2.1 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് നൽകാനുള്ള കുടിശ്ശികയിനത്തിൽ 1,45,68,678 രൂപ 3 തവണകളായി അടച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വിൽപ്പന നികുതിയിനത്തിൽ 2005-06 ലെ കണക്കുപ്രകാരം 3,49,467 രൂപയും ഇൻകംടാക്സ് ഇനത്തിൽ 1,90,583 രൂപയും കുടിശ്ശികയായി കാണിച്ചിരിക്കുന്നത് കുടിശ്ശികയല്ലെന്നും ബോർഡിന് ഇത്രയും തുക തന്നെ റീഫണ്ട് ചെയ്തുകിട്ടേണ്ടതാണെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ട സാഹചര്യത്തിലും വായ്പകളിന്മേലുള്ള പലിശയിനത്തിൽ 3/2007-ലെ താൽക്കാലിക കണക്കുകൾ പ്രകാരം 35,44,08,617 രൂപ കുടിശ്ശികയുള്ളതായും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കുന്നതിനാൽ പ്രസ്തുത കുടിശ്ശിക തുക സർക്കാരിന്റെ സഹായം കൂടാതെ അടച്ചുതീർക്കുവാൻ സാധിക്കയില്ലെന്നും ബോർഡ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ഇതു സംബന്ധിച്ച ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിലും ഇത് സംബന്ധിച്ച എല്ലാ രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.2.2 സമിതിയിൽ വ്യക്തമാക്കിയതു പോലെ കേന്ദ്ര-സംസ്ഥാന സർക്കാരിലേയ്ക്ക് അടച്ച തുകയുടെ വിവരങ്ങൾ ഹെഡ്ഡ് ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്. സർക്കാരിലേയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക 20-5-2009-ലെ ഉത്തരവ് പ്രകാരം 30.53 കോടി രൂപ മുതലിലും 6.76 കോടി രൂപ പലിശയിനത്തിലും തട്ടിക്കിഴിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പും, ബോർഡ് സർക്കാരിലേയ്ക്ക് അയച്ച പ്രൊപ്പോസലിന്റെ പകർപ്പും ഹെഡ്ഡ് ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.2.3 ഗവൺമെന്റ് ലോൺ (മുതൽ, പലിശ), ഗ്യാരണ്ടി, കമ്മീഷൻ, ഓഡിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിൽ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കുവാനുള്ള തുക 20-5-2009-ലെ ജി.ഒ.(എം.എസ്.) നം. 21/2009/ഭവനം നമ്പർ ഉത്തരവിലൂടെ തട്ടിക്കിഴിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച Adjustment details ഒന്നുംതന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം**

3.2.4 സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുക തട്ടിക്കിഴിച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും ഓഡിറ്റ് വകുപ്പ് അവ പരിശോധിച്ച് മറുപടി നൽകുവാനും സമിതി ആവശ്യപ്പെട്ടു.

## 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

3.2.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ബോർഡിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോർഡിൽനിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകുന്നതാണെന്നും അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.2.6 20-5-2009-ലെ G.O. (MS) No.21/2009/Hsg അനുസരിച്ച് ദുർബലവിഭാഗക്കാർക്കുള്ള വായ്പ എഴുതിത്തള്ളുന്ന വകയിൽ വരുന്ന ആകെ തുകയായ 171.60 കോടി രൂപയിൽ നിന്നും 100.36 കോടി രൂപ ഭവനനിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടുന്ന ഗവൺമെന്റ് ലോൺ മുതൽ, വായ്പാ പലിശ, ഓഡിറ്റ് ഫീ, മറൈൻ ഡ്രൈവ്, ആക്കുളം തുടങ്ങിയ ഭൂമിയുടെ വില എന്നിവയിൽ അഡ്ജസ്റ്റ് ചെയ്യാൻ (Book adjustment) അനുവാദം നൽകിയിട്ടുണ്ട്.

ആയതനുസരിച്ച് താഴെ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ Book adjustment നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും, ആയത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

| **ക്രമപ്പെടുത്തിയ വിവരം** | **ക്രമപ്പെടുത്തിയ തുക** |
|---|---|
| മറൈൻ ഡ്രൈവ് | 52,09,00,000 |
| ആക്കുളം | 4,18,00,000 |
| ഗവൺമെന്റ് ലോൺ മുതൽ | 30,53,75,020 |
| ഗവൺമെന്റ് ലോൺ പലിശ | 5,69,24,980 |
| **ആകെ** | **92,50,00,000** |

1-11-2010-ൽ എൽ.എഫ്.എച്ച്.ബി11/249/2008 നമ്പരായി പുറപ്പെടുവിച്ച 2008-09 ഓഡിറ്റ് റിപ്പോർട്ട് ഭാഗം-1 ഖണ്ഡിക 17 പ്രകാരം 9,43,77,364 രൂപ ഓഡിറ്റ് ഫീ ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 13-1-2016-ലെ യോഗ തീരുമാനം

3.2.7 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി

എത്രയുംവേഗം സമർപ്പിക്കാമെന്ന ഭവനനിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവനനിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

3.2.8 സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുക തട്ടിക്കിഴിച്ചതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഭവനനിർമ്മാണ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുക 20-5-2009-ലെ സ.ഉ.(എം.എസ്.) നമ്പർ 21/2009/ഭവനം നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31-10-2010-ൽ ഭവനനിർമ്മാണ ബോർഡിന്റെ അക്കൗണ്ടിൽ അഡ്ജസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.2.9 സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുക 20-5-2009-ലെ സ.ഉ.(എം.എസ്.)21/2009/ഭവനം നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുതലിനത്തിലെ 30,53,75,020 രൂപയും പലിശയും 31-3-2010-ൽ ഭവനനിർമ്മാണ ബോർഡിന്റെ അക്കൗണ്ടിൽ അഡ്ജസ്റ്റ് ചെയ്തത് പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ഖണ്ഡിക നമ്പർ 25</u>

**ശിപാർശ**

3.3.1 വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കായി മരഉരുപ്പടികൾ സപ്ലൈ ചെയ്തത് എസ്.എസ്.ഐ. രജിസ്റ്റേർഡ് സ്ഥാപനമാണെന്നും ടെൻഡർ പ്രകാരം അടച്ച തുക എല്ലാ നികുതികളും ഉൾപ്പെടെയായിരുന്നെന്നും വിൽപ്പന നികുതി പ്രത്യേകം ഈടാക്കിയിരുന്നില്ലെന്നുമുള്ള വിശദീകരണത്തിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.3.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010 ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 31</u>

**ശിപാർശ**

3.4.1 ഹൗസിംഗ് ബോർഡിലെ രേഖകൾ പരിശോധിച്ചതിൽ പ്രസക്ത കാലയളവിലെ Day Book, Cash Book, Loan Repayment Register, മൂന്ന് ലോൺ ഫയലുകൾ, കാർഡെക്സുകൾ, ഹൗസിംഗ് ബോർഡിലെ ബന്ധപ്പെട്ട ഫയലുകൾ എന്നിവ രേഖകൾ

പ്രകാരം വ്യക്തിഗത ലോൺ അക്കൗണ്ടുകളിൽ പ്രസ്തുത ദിവസം ടി തുക വരവ് വച്ചിട്ടുണ്ടെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.4.2 ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ.11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 37</u>

**ശിപാർശ**

3.5.1 കരാറുകാരൻ തിരികെ നൽകാനുള്ള തുക മുഴുവനും ഈടാക്കാതെയും പ്രദേശിക പരിശോധന നടത്താതെയും സമിതിയുടെ തീരുമാനമില്ലാതെയും പ്രസ്തുത പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. രണ്ടര വർഷമായിട്ടും പ്രാദേശിക പരിശോധന നടത്താത്തത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥയാണെന്നും സമിതി അഭിപ്രായപ്പെട്ടു. ബോർഡിന് നഷ്ടമായ 1,70,000 രൂപയുടെ മുൻകൂർ തുകയും പലിശയും തിരികെ പിടിച്ചതു സംബന്ധിച്ച് പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം ആയത് സമിതിയെ അറിയിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.5.2 ടി 1,70,000 രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കിയത് സംബന്ധിച്ച രേഖ പരിശോധനയ്ക്ക് ലഭ്യമാണ്. ടി തുകയുടെ പലിശ 20-7-1998-ലെ HBO-738/Ad2(a)/ 3367/98 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. M. E. Muhammed, retired Exe. Engineer-ടെ DCRG യിൽ നിന്നും പൂർണ്ണമായും ഈടാക്കിയിട്ടുണ്ട്. 31-10-2007-ലെ AA4/9267/99/ Pension/Gel നടപടി തീർപ്പിന്റെ പകർപ്പ് ഈ ഓഫീസിലെ 17-1-2011-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.5.3 പ്രാദേശിക പരിശോധനാവേളയിൽ ഹാജരാക്കിയ രേഖകൾ പ്രകാരം മുൻകൂർ തുകയായ 1,70.000 രൂപയുടെ പലിശയായ 1,00,793 രൂപ ശ്രീ. എം. ഇ. മുഹമ്മദ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയതായി Pension Payment Register-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 17-4-2008-ലെ ബോർഡ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ശ്രീ. എം. ഇ. മുഹമ്മദ് ഉൾപ്പെടെ 6 പേർ

കുറ്റക്കാരാണെന്ന് കണ്ടെത്തിയതിനെ തുർന്ന് 6 പേരിൽ നിന്നും തുല്യമായി ടി തുക ഈടാക്കുവാൻ തീരുമാനിക്കുകയും 1,00,793 രൂപയിൽ നിന്ന് 16,799 രൂപ കിഴിച്ച് 89,994 രൂപ ശ്രീ. എം. ഇ. മുഹമ്മദിന് റിലീസ് ചെയ്തതായി കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളായ മറ്റ് 5 പേരിൽ നിന്നും 16,799 രൂപ വീതം ഈടാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.

### 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.5.4 കുറ്റക്കാരായ അഞ്ച് പേരിൽ നിന്നും തുക ഈടാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശങ്ങൾ സമിതി ആവശ്യപ്പെട്ടു.

### 14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

3.5.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി നിയമസഭാ സമിതിയ്ക്ക് എത്രയും പെട്ടെന്ന് നൽകുന്നതാണെന്നും അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.5.6 നഷ്ടോത്തരവാദികളായ അഞ്ച് പേരിൽ നിന്നായി 16,799 രൂപ വീതം ആകെ 83,995 തിരികെ ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

### 13-1-2016-ലെ സമിതിയോഗ തീരുമാനം

3.5.7 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവനനിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനു ശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവന നിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

3.5.8 സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച അക്കൗണ്ട്സ് ഓഫീസർ ശ്രീ. എ.ഡി. ശശികുമാറിൽ നിന്നും 16,799 രൂപയും റീജിയണൽ എഞ്ചിനീയർ ശ്രീ. പി.കെ. മുഹമ്മദ് ബഷീറിൽ നിന്നും 16,799 രൂപയും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി കെ. പത്മാവതിയിൽ നിന്നും 16,799 രൂപയും അഡീഷണൽ സെക്രട്ടറി ശ്രീമതി കെ. ലതയിൽ നിന്നും 16,799 രൂപയും അക്കൗണ്ട്സ് ഓഫീസർ ശ്രീ. പി. വിജയൻ നായരിൽ നിന്നും 16,799 രൂപയും നടപടിക്രമം പാലിച്ച് ബോർഡ് തിരിച്ച് പിടിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.5.9 സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച അക്കൗണ്ട്സ് ഓഫീസർ ശ്രീ. എ.ഡി. ശശികുമാർ, റീജിയണൽ എഞ്ചിനീയർ ശ്രീ. പി. കെ. മുഹമ്മദ് ബഷീർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി കെ. പത്മാവതി, അഡീഷണൽ സെക്രട്ടറി ശ്രീമതി കെ. ലത, അക്കൗണ്ട്സ് ഓഫീസർ, ശ്രീ. പി. വിജയൻ നായർ എന്നിവരിൽ നിന്നും 16,799 രൂപ വീതം നടപടിക്രമം പാലിച്ച് ബോർഡ് തിരിച്ചു പിടിച്ചിട്ടുള്ളതായി പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ഖണ്ഡിക നമ്പർ 44</u>

**ശിപാർശ**

3.6.1 പണി മുഴുവൻ പൂർത്തിയാക്കാതെ ഫൈനൽ ബിൽ തുക കൊടുത്തത് ചട്ടവിരുദ്ധമാണെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വ്യക്തമായ വിശദീകരണം നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനു വേണ്ട നടപടി ഭവനനിർമ്മാണ ബോർഡ് സ്വീകരിക്കേണ്ടതായിരുന്നുവെന്നും ഇത് 1999-ലെ റിപ്പോർട്ടാണെന്നും ഇതിനു ഒരു കത്ത് കൊടുത്തുവെന്നല്ലാതെ പരിശോധനയ്ക്കുള്ള അവസരം കൊടുത്തിട്ടില്ലെന്നും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. എസ്റ്റിമേറ്റ് പ്രകാരം പണി പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായതിനാലാണ് പേയ്മെന്റ് നടത്തിയതെന്ന ഭവനനിർമ്മാണ ബോർഡിന്റെ വിശദീകരണം ഒമ്പതു വർഷം കഴിഞ്ഞിട്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിക്കാതിരുന്നത് ഓഡിറ്റ് വകുപ്പിന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു. മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് സമിതി ആവശ്യപ്പെടുന്നു.

സമിതി നിർദ്ദേശത്തിന്മേൽ ലഭിച്ച ബോർഡിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.6.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 50

**ശിപാർശ**

3.7.1 കൊല്ലം ചിന്നക്കട ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 24 ഫ്ലാറ്റുകളിൽ 17 ഫ്ലാറ്റുകൾ ആവശ്യമനുസരിച്ച് വിൽപ്പന നടത്തുകയും വിറ്റഴിയാതെ കിടക്കുന്ന ആസ്തികൾ ലേല വിൽപ്പനയിലൂടെ വിറ്റഴിക്കണമെന്നുള്ള 16-6-2003-ലെ ജി.ഒ. (എം.എസ്.)23/ 2003/ഭവനം. നമ്പർ ഉത്തരവ് പ്രകാരം ബാക്കി 7 എണ്ണം 2004-ൽ ലേല വിൽപ്പന നടത്തിയെന്ന പരിശോധനയിൽ ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓരോ പ്രദേശത്തെയും ആവശ്യകത മനസ്സിലാക്കി പാർപ്പിടം വച്ചു കൊടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.7.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 54

**ശിപാർശ**

3.8.1 ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.8.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010 ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 59

**ശിപാർശ**

3.9.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.9.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 89

**ശിപാർശ**

3.10.1 ബോർഡിന്റെ വിശദ വിവരം ലഭ്യമായതിന്റെ അടിസ്ഥാനത്തിലും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.10.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 95

**ശിപാർശ**

3.11.1 പണാപഹരണം പോലുള്ള കേസ്സുകളിൽ തുക തിരിച്ചടച്ചതുകൊണ്ടുമാത്രം നടപടി പൂർത്തിയാകുന്നില്ലെന്നും ഇത്തരം കേസുകളിൽ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. പണാപഹരണം ക്രിമിനൽ കുറ്റമാണെന്നും സമിതി വ്യക്തമാക്കി. ശ്രീ. കെ.എം. മാത്യുവിനെ വകുപ്പുതല നടപടി എന്ന നിലയിൽ സസ്പെന്റ് ചെയ്യുകയും സർവ്വീസിൽ ജൂനിയർമോസ്റ്റ് ആയി തരംതാഴ്ത്തുകയും സസ്പെൻഷൻ കാലയളവ് സർവ്വീസ് കാലയളവിൽ ഡ്യൂട്ടിയായി പരിഗണിക്കുന്നതല്ലെന്നും അറിയിച്ചതല്ലാതെ ടിയാന്റെ സർവ്വീസ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ സർവ്വീസ് ബുക്ക് ഹാജരാക്കി അതിന്മേലുള്ള നടപടികൾ പൂർത്തിയാക്കിയോ എന്ന് പരിശോധിക്കുന്നതിന് സർവ്വീസ് ബുക്ക് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് ഹാജരാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആരോപണ വിധേയനായ ശ്രീ. കെ. എം മാത്യു 86,332 രൂപയും പലിശയായ 33,578 രൂപയും തിരിച്ചടച്ചു എന്ന് തെളിയിക്കുന്നതിലേയ്ക്കാവശ്യമായ ഡി.ഡി.യോ രസീതുകളോ ഒന്നും തന്നെ പരിശോധനയ്ക്കായി ബോർഡ്, ആഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പും 30-1-2006-ലെ എൽ.എഫ്.എച്ച്.ബി.എ.11/61/2006 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്നും പറയുന്നതിലെ

വൈരുദ്ധ്യം സമിതി ചൂണ്ടിക്കാട്ടുന്നു. രസീതുകളോ മറ്റു രേഖകളോ ഇല്ലാതെ ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയതായി കത്ത് നൽകിയത് എപ്രകാരമാണെന്ന് സമിതിക്ക് മനസ്സിലാകുന്നില്ല. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ച് നിയമസഭ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഇത്തരം ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ സമിതിയുടെ പരിശോധനയ്ക്ക് മുമ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഒഴിവാക്കുവാൻ അധികാരമില്ലെന്നും ഓഡിറ്റ് വകുപ്പ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും അതനുസരിച്ച് പ്രാദേശിക ഓഡിറ്റ് വിഭാഗങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പണം തിരികെ അടച്ചു എന്നത് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോധ്യപ്പെടുത്തണമെന്നും അതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.11.2 ശ്രീ. കെ.എം. മാത്യു ബോർഡിലേയ്ക്ക് അടച്ച 86,332 രൂപയുടെയും (D.D. NO. 841732 dtd. 5-2-2002) 2-3-2002-ലെ രസീത് പ്രകാരം അടച്ച 33,578 രൂപയുടെയും രേഖകൾ ഹെഡാഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്. പണാപഹരണം സംബന്ധിച്ച് വയനാട് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് VC 16/2002 നമ്പരായി എടുത്ത കേസിൽ കോഴിക്കോട് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് 30-11-2010-ലെ CC 56/2003 നമ്പരായി വിധിയാകുകയും ശ്രീ. കെ. എം. മാത്യുവിനെ 4 വർഷ കഠിന തടവിനും 4000 രൂപ പിഴ ഈടാക്കാനും ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ശിക്ഷയുടെ അടിസ്ഥാനത്തിൽ 10-1-2011-ലെ HBO No.8/2011/CW15718/Ad3(a)/2001/Vig. ഉത്തരവ് പ്രകാരം ശ്രീ. കെ. എം. മാത്യുവിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.11.3 വയനാട് ഡിവിഷൻ ഓഫീസിലെ പണാപഹരണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ആരോപണ വിധേനായ ശ്രീ. കെ.എം. മാത്യു 86,332 രൂപ 7-2-2002-ലെ 64794-ാം നമ്പർ രസീത് പ്രകാരവും 33,578 രൂപ 2-3-2002-ലെ 64810-ാം നമ്പർ രസീത് പ്രകാരവും ഒടുക്കിയത് പരിശോധിച്ചു. തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരങ്ങൾ അടങ്ങിയ ബാങ്ക് പാസ് ഷീറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പണാപഹരണം സംബന്ധിച്ച കേസിൽ ശ്രീ. കെ.എം. മാത്യുവിനെ 4 വർഷം കഠിന തടവിനും 4,000 രൂപ പിഴ ഈടാക്കുവാനും ശിക്ഷിക്കുകയും പ്രസ്തുത ശിക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. എം. മാത്യുവിനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെന്നും ബോർഡ് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ശ്രീ. കെ. എം. മാത്യുവിന്റെ സേവന പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതിയോട് ശിപാർശ ചെയ്യാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 105</u>

**ശിപാർശ**

3.12.1 ബോർഡിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.12.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 132</u>

**ശിപാർശ**

3.13.1 പത്തനംതിട്ട ജില്ലയിൽ വീട്ടുവാടക ഇനത്തിലും ഹിൽടാക് ബത്ത ഇനത്തിലും അധികമായി നൽകിയ തുകയിൽ 59,399 രൂപയും പലിശയും തിരിച്ചുപിടിച്ചതായും വയനാട് ഓഫീസിൽ ടി ഇനങ്ങളിൽ അധികമായി നൽകിയ 16,295 രൂപയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തിരിച്ചുപിടിച്ചതായും കോട്ടയം ജില്ലയിൽ 3794, 1890 രൂപയും തിരിച്ചുപിടിച്ചതായും കൂടാതെ റിട്ടയേർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജോസഫ് സ്കറിയ, ശ്രീ. രാജേന്ദ്രൻ എന്നിവർക്ക് അധികമായി നൽകിയ തുകയും, കണ്ണൂർ ഡിവിഷൻ ഓഫീസിൽ വീട്ടുവാടക ഇനത്തിൽ അധികമായി നൽകിയ 64,082 രൂപയും തിരിച്ച് ബോർഡ് ഫണ്ടിൽ അടച്ചതായും സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ ഇനിയും കുറച്ചു പേരുടെ കയ്യിൽ നിന്നും തുക പൂർണ്ണമായും തിരിച്ച് പിടിച്ചിട്ടില്ലെന്നും കണ്ണൂർ ജില്ലയിലെ Excess, HRA, HTA തിരിച്ചുപിടിച്ചതിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി നൽകിയ തുക പൂർണ്ണമായും തിരികെ പിടിക്കണമെന്നും ഇതു സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ആയതു പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് മറുപടി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.13.2 പത്തനംതിട്ട, വയനാട്, കോട്ടയം കണ്ണൂർ എന്നീ ഓഫീസുകളിൽ അധികം നൽകിയ ബത്ത പൂർണ്ണമായും തിരിച്ചുപിടിച്ചതായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇതു സംബന്ധിച്ചുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.13.3 കണ്ണൂർ ഡിവിഷൻ ഓഫീസിൽ വീട്ടുവാടകയിനത്തിൽ ജീവനക്കാർ അധികമായി കൈപ്പറ്റിയ തുകയിൽ ക്രമ നമ്പർ 1 മുതൽ 18 വരെയുള്ള ജീവനക്കാരിൽ നിന്നും തുക ഈടാക്കിയതിന്റെ ജേർണൽ വൗച്ചറിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. പ്രൊവിഷണൽ ജീവനക്കാരിൽ നിന്നും തുക ഈടാക്കിയ രേഖകളുടെ അറ്റസ്റ്റ് ചെയ്ത പകർപ്പുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ജീവനക്കാർ അധികമായി കൈപ്പറ്റിയ തുകകൾ ബോർഡ് തിരികെ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നിയമസഭാ സമിതിയോട് ശിപാർശ ചെയ്യാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 172, 173</u>

**ശിപാർശ**

3.14.1 കൊല്ലം ഡിവിഷനിൽ രസീത് പരിശോധനയിൽ തിരിമറി നടത്തിയതിൽ ആരോപണ വിധേയരായ ശ്രീ. തുളസീധരനും ശ്രീമതി എം. ആർ. രാധാമണി അമ്മയും അപഹരിച്ചതായി ഓഡിറ്റ് കണ്ടെത്തിയ തുക പലിശ സഹിതം ഈടാക്കിയെന്ന് അറിയിച്ചതല്ലാതെ ആയതിന്റെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

3.14.2 പിരിച്ചെടുത്ത തുകയിൽ ഭാഗികമായി ബാങ്കിൽ അടച്ചതിനുശേഷം കാരണം കൂടാതെ തുടർച്ചയായി പ്രതിദിനം 2,00,000 രൂപയ്ക്ക് മുകളിൽ വരുന്ന ഭീമമായ തുക കൈവശം വച്ചിരുന്നതായും സമിതി മനസ്സിലാക്കുന്നു. തലേദിവസത്തെ വരവ് തുക അടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടച്ചിരിക്കണം എന്ന നിയമം നിലനിൽക്കെ ഇപ്രകാരമുള്ള പ്രവർത്തനം നടത്തിയത് വളരെ ഗുരുതരമായ കുറ്റകൃത്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഇപ്രകാരം താൽക്കാലിക സാമ്പത്തിക തിരിമറി നടത്തിയവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും ആയതു സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.14.3 ശ്രീ. തുളസീധരനും ശ്രീമതി രാധാമണിയും തുക പലിശ സഹിതം ഒടുക്കിയതിന്റെ രേഖകളുടെ പകർപ്പ് 17-1-2011 ലെ കത്തിനോടൊപ്പം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. എന്നിരുന്നാലും ഹെഡ്ഡാഫീസിൽ അവ പരിശോധനയ്ക്ക് ലഭ്യമാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.14.4 ശ്രീമതി രാധാമണിയമ്മ UDC യിൽ നിന്നും ശ്രീ. എൽ. തുളസീധരനിൽ നിന്നും ചുവടെ ചേർക്കുന്ന രസീതുകൾ പ്രകാരം തുക ഈടാക്കിയിട്ടുണ്ട്:

ശ്രീമതി രാധാമണിയമ്മ UDC, രസീത് നമ്പർ 11961/24-2-03 - 27,000 രൂപ

രസീത് നമ്പർ 11956/22-2-03 - 23,000 രൂപ

രസീത് നമ്പർ 11974/25-2-03 - 3,183 രൂപ

ആകെ - 53,183 രൂപ

ശ്രീ. തുളസീധരൻ രസീത് നമ്പർ 11975/26-2-03 - 34,144 രൂപ

കൂടാതെ ശ്രീമതി രാധാമണിയമ്മയിൽ നിന്നും പലിശയിനത്തിൽ 20,773 രൂപയും ശ്രീ. തുളസീധരനിൽ നിന്ന് പലിശയിനത്തിൽ 14,150 രൂപയും ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. താൽക്കാലിക സാമ്പത്തിക തിരിമറി നടത്തിയവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചതിന്റെ ഉത്തരവുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതിയോട് ശിപാർശ ചെയ്യാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 178</u>

**ശിപാർശ**

3.15.1 30-9-2007-ലെ റെന്റ് ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഹാജരാക്കിയതിനാലും ഭവന നിർമ്മാണ ബോർഡിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.15.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എച്ച്.ബി.എ 11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 186</u>

**ശിപാർശ**

3.16.1 ശ്രീമതി നബീസയ്ക്ക് വായ്പയായി നൽകിയ 19,000 രൂപ 17-9-2002-ൽ രസീത് നമ്പർ 940589 പ്രകാരവും പിഴപ്പലിശയിനത്തിൽ 6495 രൂപ 25-9-2002-ൽ രസീത് നമ്പർ 940608 പ്രകാരവും തിരിച്ചടച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതല്ലാതെ ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കണമെന്നും രേഖകൾ പരിശോധിച്ച് ആഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.16.2 ശ്രീമതി നബീസ വായ്പത്തുകയും പിഴപ്പലിശയും തിരിച്ചടച്ചത് സംബന്ധിച്ചുള്ള രേഖകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാടിന് നൽകിയതായിട്ടാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. വിജിലൻസ് ഓഫീസിൽ നിന്നും രസീത് ബുക്കിന്റെ പകർപ്പ് എടുക്കുന്നതിന് പാലക്കാട് ഓഫീസിൽ നിന്നും അപേക്ഷിച്ചിരുന്നു എങ്കിലും രസീത് ബുക്ക് ലഭിക്കുകയുണ്ടായില്ല. എന്നാൽ ശ്രീമതി നബീസ 17-9-2002-ൽ അടച്ച 19,000 രൂപയും 25-9-2002-ൽ അടച്ച 6495 രൂപയും ബാങ്കിൽ അടച്ചതിന്റെ രേഖകളും പ്രസ്തുത ദിവസങ്ങളിലെ ക്യാഷ് ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പും പരിശോധനയ്ക്ക് ഹെഡ്ഓഫീസിൽ ലഭ്യമാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.16.3 മണ്ണാർക്കാട് ബ്രാഞ്ച് ഓഫീസ് മൈത്രി ഭവന പദ്ധതി കൃത്രിമരേഖ ചമച്ച് വായ്പ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ശ്രീമതി നബീസ വായ്പത്തുകയും പിഴപ്പലിശയും തിരിച്ചടച്ചത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ക്യാഷ് ബുക്കിന്റെ പകർപ്പും ബാങ്ക് സ്ലിപ്പിന്റെ പകർപ്പും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ആയതു പ്രകാരം വായ്പാ തുകയായ 19,000 രൂപയും പിഴപ്പലിശയായ 6,495 രൂപയും ഒടുക്കിയിട്ടുണ്ട്. രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പികൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാടിന് പരിശോധനയ്ക്ക് നൽകിയതായി അറിയിച്ചിട്ടുണ്ട്. അതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതിയോട് ശിപാർശ ചെയ്യാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 206</u>

**ശിപാർശ**

3.17.1 കൊല്ലം ഡിവിഷൻ ഓഫീസിൽ ശമ്പള പരിഷ്കരണത്തിൽ വീട്ടുവാടക, നഗരബത്ത ഇനത്തിൽ അധികമായി നൽകിയ 92,238 രൂപയും പത്തനംതിട്ട ഡിവിഷൻ ഓഫീസിലെ ജീവനക്കാരുടെ എച്ച്.ആർ.എ. കണക്കാക്കി പി.എഫ്.-ലേയ്ക്ക് അധികമായി ക്രെഡിറ്റ് ചെയ്ത 59,399 രൂപയും പലിശയും തിരിച്ചുപിടിച്ച് ബോർഡ് അക്കൗണ്ടിൽ വകകൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ കൊല്ലം ഡിവിഷൻ, പത്തനാപുരം ബ്രാഞ്ച്, കരുനാഗപ്പള്ളി ബ്രാഞ്ച്, ആലപ്പുഴ ഡിവിഷൻ, പത്തനംതിട്ട ഡിവിഷൻ, കോന്നി ബ്രാഞ്ച്, ഹെഡ് ഓഫീസ്, തിരുവനന്തപുരം എന്നീ ഓഫീസുകളിലെ ജീവനക്കാർക്ക് അധികമായി നൽകിയ വീട്ടുവാടക, നഗരബത്ത എന്നിവ തിരിച്ചുപിടിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ ഡിവിഷനുകളിലെ/ബ്രാഞ്ചുകളിലെ ജീവനക്കാരിൽ നിന്ന് അവർക്ക് അധികമായി നൽകിയ വീട്ടുവാടക, നഗരബത്ത ഇവ തിരിച്ചുപിടിക്കുന്നതിനും തിരികെ ഈടാക്കിയത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.17.2 അധിക നിരക്കിൽ നൽകിയ വീട്ടുവാടക, നഗരബത്ത തുടങ്ങിയവ പൂർണ്ണമായും തിരിച്ചുപിടിച്ചിട്ടുള്ളതായാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിച്ചിട്ടുള്ളത്. കൊല്ലം, പത്തനാപുരം, കരുനാഗപ്പള്ളി എന്നീ ഓഫീസുകളിലെ രേഖകൾ ഹെഡ്ഡാഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്. മറ്റുള്ളവ അതാത് ഓഫീസുകളിൽ പരിശോധനയ്ക്കായി ക്രമീകരിച്ച വച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.17.3 കൊല്ലം ഡിവിഷൻ ഓഫീസിൽ (കൊല്ലം ഡിവിഷൻ പത്തനാപുരം ബ്രാഞ്ച്, കരുനാഗപ്പള്ളി ബ്രാഞ്ച്, ആലപ്പുഴ ഡിവിഷൻ, പത്തനംതിട്ട ഡിവിഷൻ, രാമങ്കരി ബ്രാഞ്ച് തുടങ്ങിയ ഓഫീസിലെ ജീവനക്കാർക്ക്) അധിക നിരക്കിൽ നൽകിയ വീട്ടുവാടക/ നഗരബത്ത തിരിച്ചുപിടിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതിയോട് ശിപാർശ ചെയ്യാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 209</u>

**ശിപാർശ**

3.18.1 ഇരുമ്പ് കമ്പിയുടെ വിലയിനത്തിൽ നഷ്ടമായ 27,884 രൂപ 2004-ൽ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്ന ഹൗസിംഗ് ബോർഡ് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.18.2 ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 7-8-2010-ലെ എൽ.എഫ്.എ.എച്ച്.ബി.എ.11/549/2010 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 213</u>

**ശിപാർശ**

3.19.1 കട്ടപ്പന ഡിവിഷനിലെ വിവിധ ആവശ്യങ്ങൾക്കായി മുൻകൂറായി നൽകിയ 2,02,300 രൂപ ശ്രീ. കറുപ്പച്ചാമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുൻകൂറായി എടുത്ത തുകയിൽ, 10,71,558 രൂപ തട്ടിക്കിഴിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതല്ലാതെ ഇതു സംബന്ധിച്ച രേഖയോ തട്ടിക്കിഴിച്ചതിന്റെയോ തിരിച്ചടച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുൻകൂർ തുകകൾ തിരിച്ചടച്ചതിന്റെയും തട്ടിക്കിഴിച്ചതിന്റെയും രേഖകൾ ഹാജരാക്കണമെന്നും ബാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.19.2 താഴെപ്പറയുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഇനിയും തിരിച്ചടയ്ക്കാത്ത മുൻകൂറുകൾ തിരിച്ചുപിടിക്കാൻ ഉത്തരവായിട്ടുണ്ട്.

1. ശ്രീ. കെ. കറുപ്പച്ചാമി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട്

2. ശ്രീ. വി.ജെ. ഗോപൻ, അക്കൗണ്ട്സ് ഓഫീസർ, എറണാകുളം

ബോർഡിൽ നിന്നും പെൻഷൻ പറ്റിയ താഴെപ്പറയുന്ന ഉദ്യോഗസ്ഥരിൽ നിന്നും മുൻകൂറുകൾ/തട്ടിക്കിഴിക്കാത്ത തുകകൾ അവരുടെ ബാദ്ധ്യതയായി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ശ്രീ. ആർ. ഈശ്വരപിള്ള, AEE (Retd)

2. ശ്രീ. എ.ഡി ശശികുമാർ, A.O (Retd)

3. ശ്രീ. അബ്ദുൾ റഷീദ്, E.E (Expired)

ബാക്കി എല്ലാ മുൻകൂറുകളും തട്ടിക്കിഴിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.19.3 കട്ടപ്പന ഡിവിഷൻ തട്ടിക്കിഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്യാത്ത മുൻകൂറുകൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ മുൻകൂറുകൾ തിരിച്ചുപിടിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായി ബോർഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**14-1-2015-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം**

3.19.4 പ്രസ്തുത ശിപാർശയിന്മേൽ ബോർഡ് സ്വീകരിച്ച നടപടി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

**14-1-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

3.19.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 14-1-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ ബോർഡിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോർഡിൽ നിന്നും മറുപടി ലഭ്യമാക്കി, നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് എത്രയും പെട്ടെന്ന് നൽകുന്നതാണെന്നും അറിയിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.19.6 ശ്രീ. ആർ. ഈശ്വരപിള്ള, AEE (Retd) (മുൻകൂർ 30,000), ശ്രീ. എ. ഡി. ശശികുമാർ, A.O (Retd) (മുൻകൂർ 2500) എന്നിവരുടേതൊഴികെയുള്ള എല്ലാ മുൻകൂറുകളും ക്രമീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് പേരുടേയും പെൻഷൻ ബെനിഫിറ്റിൽ നിന്നും പ്രസ്തുത തുകകൾ തടഞ്ഞുവച്ചിട്ടുണ്ട്.

**13-1-2016-ലെ സമിതി യോഗതീരുമാനം**

3.19.7 കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ 14-1-2015-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് സമർപ്പിച്ച ഇടക്കാല മറുപടിയിന്മേൽ അന്തിമ മറുപടി എത്രയും വേഗം സമർപ്പിക്കാമെന്ന ഭവനനിർമ്മാണ വകുപ്പിന്റെ കത്ത് മുൻനിർത്തി ആയത് ലഭിച്ചതിനുശേഷം പരിശോധിക്കാനും വ്യക്തമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ഭവനനിർമ്മാണ വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

3.19.8 ശ്രീ. കെ. കറുപ്പച്ചാമി, എക്സിക്യൂട്ടീവ് എഞ്ചിനീയർ കൈപ്പറ്റിയിട്ടുള്ള മുൻകൂറുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് കെ.എസ്.എ.എസ്.എച്ച്.ബി.എ.7/748/2015 തീയതി 1-1-2016 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.19.9 ശ്രീ. ഈശ്വരപിള്ള, AEE (റിട്ട.) (30,000 രൂപ), ശ്രീ. എ.ഡി ശശികുമാർ, A.O (റിട്ട.) (2500 രൂപ) ഒഴികെയുള്ള എല്ലാ മുൻകൂറുകളും ക്രമീകരിച്ചിട്ടുണ്ട്. മേൽവിവരിച്ച രണ്ട് പേരുടേയും പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 221</u>

**ശിപാർശ**

3.20.1 സ്ട്രക്ച്ചറൽ ഡിസൈൻ സർട്ടിഫൈ ചെയ്യുന്നതിന് കെ.സി. അലക്സാണ്ടർക്ക് നൽകിയ ഫീസ്, പ്രോജക്ടിന്റെ ആർക്കിടെക്ടായ M/s. സോണി മത്തായി ലാലിച്ചൻ & അസോസിയേറ്റ്സിൽ നിന്ന് ഈടാക്കണമെന്ന എഗ്രിമെന്റ് വ്യവസ്ഥ പാലിക്കാത്തതിലും ഹൗസിംഗ് ബോർഡിന് ആർക്കിടെക്ട് ഉണ്ടായിരിക്കെ വേറൊരു കൺസൾട്ടൻസിയെ വച്ച് ബോർഡിന് നഷ്ടമുണ്ടാക്കിയതിലും ഹൗസിംഗ് ബോർഡിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഒരു വർഷത്തെ കൺസൾട്ടൻസി ഫീസായ ഒരു കോടി രൂപ കൊടുത്തിരിക്കുന്നതിൽ സമിതി അതിയായ ഉത്കണ്ഠ രേഖപ്പെടുത്തി. ബോർഡിന്റെ

ഇത്തരം നടപടി വൻ സാമ്പത്തികബാദ്ധ്യതയാണ് വരുത്തിയിരിക്കുന്നതെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ശ്രീ. കെ. സി. അലക്സാണ്ടർക്ക് നൽകിയ ഫീസ് പ്രോജക്ടിന്റെ ആർക്കിടെക്ടിൽ നിന്ന് ഈടാക്കണമെന്ന വ്യവസ്ഥ പ്രകാരം ആർക്കിടെക്ടായ M/s. സോണി മത്തായി ലാലിച്ചൻ & അസോസിയേറ്റ്സിൽ നിന്ന് ഈടാക്കണമെന്നും കൺസൾട്ടൻസി കരാറിന്റെ പകർപ്പും ശ്രീ. കെ.സി. അലക്സാണ്ടർക്ക് പാർട്ട് പേയ്മെന്റ് നടത്തിയതെന്തിന് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.20.2 M/s. സോണി മത്തായി ലാലിച്ചൻ ബോർഡുമായി എഗ്രിമെന്റ് വച്ചത് 2-5-1994-ൽ ആണ്. 30-12-1996-ൽ കൂടിയ ബോർഡ് യോഗമാണ് സ്ട്രക്ച്ചറൽ ഡിസൈൻ സർട്ടിഫൈ ചെയ്തു നൽകുന്നതിന് ശ്രീ. കെ. സി. അലക്സാണ്ടർക്ക് കൺസൾട്ടൻസി ഫീസായി സിവിൽ വർക്കിന്റെ 0.2% നൽകുവാൻ തീരുമാനിച്ചത്. M/s. സോണി മത്തായി ലാലിച്ചനുമായി എഗ്രിമെന്റ് വയ്ക്കുമ്പോൾ ശ്രീ. കെ. സി. അലക്സാണ്ടറെ സ്ട്രക്ച്ചറൽ ഡിസൈൻ സർട്ടിഫൈ ചെയ്തു നൽകുവാൻ നിയമിച്ചിട്ടില്ലായിരുന്നു. ശ്രീ. കെ. സി. അലക്സാണ്ടർ 3rd Floor Roof വരെയുള്ള സ്ട്രക്ച്ചറൽ ഡിസൈനും മറ്റെല്ലാ ഫ്ലോറിലേയ്ക്കുമുള്ള Column-ന്റെ ഡിസൈനും പൂർത്തിയാക്കിയതിനാലാണ് പാർട്ട് പേയ്മെന്റ് (60%) ആദ്യം നൽകിയത്. Balance Payment പിന്നീട് നൽകുകയുമുണ്ടായി. 30-12-1996 ലെയും 11-8-1999 ലെയും ബോർഡ് തീരുമാന പ്രകാരമാണ് ശ്രീ. കെ. സി. അലക്സാണ്ടർക്ക് പേയ്മെന്റ് നൽകിയത്. ടി ബോർഡ് തീരുമാനങ്ങളുടെയും M/s. സോണി മത്തായി ലാലിച്ചൻ ബോർഡുമായി എഗ്രിമെന്റ് വച്ചതിന്റെയും, ശ്രീ. കെ.സി. അലക്സാണ്ടർക്ക് പേയ്മെന്റ് നൽകിയതിന്റെയും പകർപ്പുകൾ പരിശോധനയ്ക്ക് ഹെഡാഫീസിൽ ലഭ്യമാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.20.3 M/s. സോണി മത്തായി ലാലിച്ചൻ ബോർഡുമായി എഗ്രിമെന്റ് വച്ചതിന്റെ പകർപ്പും, ശ്രീ. കെ.സി. അലക്സാണ്ടർക്ക് പേയ്മെന്റ് നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതിയോട് ശിപാർശ ചെയ്യാവുന്നതാണ്.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.11 | ഭവനനിർമ്മാണം | യന്ത്രസാമഗ്രികളുടെ മെയിന്റനൻസ് സംബന്ധിച്ച എല്ലാ രേഖകളും 15 ദിവസത്തിനകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നിട്ടും രേഖകൾ ഹാജരാക്കുന്നതിൽ ഭവന നിർമ്മാണ ബോർഡിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്ന വീഴ്ചയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 2 | 2.2.10 | ഭവനനിർമ്മാണം | സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് മെ.സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിൽ നിന്നും ലഭിക്കേണ്ട തുക നേടിയെടുക്കുന്നതിന് ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 3 | 2.3.12 | ഭവനനിർമ്മാണം | വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 4 | 2.4.12 | ഭവനനിർമ്മാണം | കുടിശ്ശിക തുക പിരിച്ചെടുക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |

| | | | |
|---|---|---|---|
| 5 | 2.5.13 | ഭവനനിർമ്മാണം, റവന്യൂ | തൃപ്പൂണ്ണിത്തുറ ഉപഗ്രഹ നഗര പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും അധികമായി ഈടാക്കിയ 57,07,022 രൂപ തിരികെ നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.14 | ഭവനനിർമ്മാണം | 2014-ൽ അവസാനിച്ച വിഷയം അഞ്ച് വർഷങ്ങൾക്കുശേഷം മാത്രമാണ് സമിതി മുമ്പാകെ അറിയിക്കുന്നത്. സമിതി മുമ്പാകെ വിവരങ്ങൾ യഥാസമയം നൽകാത്ത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 7 | 2.6.15 | ഭവനനിർമ്മാണം | പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ഓഡിറ്റ് പരാമർശം തീർപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ഭരണ വകുപ്പിന് സമർപ്പിക്കുന്നതിനും ആയത് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു. |
| 8 | 2.7.11 | ഭവനനിർമ്മാണം | ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെയും ധൻ ആന്റ് കമ്പനിയുടെയും അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ കണ്ടെത്തലുകൾക്ക് തുടർനടപടി സ്വീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.8.13 | ഭവനനിർമ്മാണം | വായ്പാത്തുക തിരിച്ചുപിടിക്കുന്നതിനുള്ള അദാലത്ത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഭരണ വകുപ്പിനും ഭരണ വകുപ്പ് ആയത് ഓഡിറ്റ് മുഖേന സമിതിയ്ക്കും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം കുടിശ്ശിക തുക അടിയന്തര മായി പിരിച്ചെടുത്ത് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 10 | 2.9.4 | ഭവനനിർമ്മാണം | സർക്കാരിൽനിന്നും സബ്സിഡിയിനത്തിൽ ബോർഡിന് ലഭിക്കേണ്ട തുക എത്രയും വേഗം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 2.10.13 | ഭവനനിർമ്മാണം | ബാർ കൗൺസിൽ പരാതി തീർപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

## <u>അനുബന്ധം II</u>